# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 സെപ്റ്റംബർ 19 | ദീപം 57 | നാളം 28 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org





# നമ്മൾ ഒന്നാണ്




ഏഴാച്ചേരി രാമചന്ദ്രൻ


മലയാളിയെ സംബന്ധിച്ചിടത്തോളം ഓണം എന്നത് അനുഭൂതിദായകവും ആനന്ദസംദായകവുമായ ഒരു ജീവിതാവസ്ഥയുടെ ഓർമപ്പെരുന്നാളാണ്. ജാതി, മത, വർണ, വർഗ, ദേശ, കാലഭേദങ്ങൾക്കതീതമായി മനുഷ്യരെല്ലാവരും ഒന്നുപോലെ ജീവിച്ചിരുന്ന ഒരു ഭൂതകാലത്തിന്റെ സ്വപ്നാടനം. മനുഷ്യരെല്ലാവരും ഒരുമിച്ചുജീവിക്കേണ്ടതിന്റെ ഏറ്റവും വലിയ അനിവാര്യതയെ കൂടെക്കൂടെ നമ്മെ മധുരോദാരമാംവിധം ഓർമിപ്പിക്കുന്ന അനുഭൂതിവിശേഷം. ഇങ്ങനെയൊന്ന് കേരളത്തിൽ നമ്മൾ കൊണ്ടാടുമ്പോൾ ഇന്ത്യയിൽത്തന്നെ ഇത്രയേറെ മനുഷ്യരെ സംയോജിപ്പിക്കുന്ന മറ്റൊരു ദേശീയോത്സവം ഉണ്ടോ എന്ന കാര്യത്തിൽ എനിക്കു സംശയമുണ്ട്. മാവേലി എന്നൊരാൾ ജീവിച്ചിരുന്നെന്നോ ഇല്ലെന്നോ എന്തുമാകട്ടെ തർക്കം. ഒരു കാര്യം വളരെ വ്യക്തമാണ്: വേല ചെയ്യുന്ന, വിയർപ്പൊഴുക്കുന്ന മനുഷ്യർ, അവർക്കു സ്വപ്നം കാണാനും ഒരുമിച്ചു ജീവിക്കാനും കഴിയുന്ന ഒരു നല്ല കാലത്തിന്റെ ഓർമ - അത് നമുക്കു വരാനിരിക്കുന്ന കാലഘട്ടത്തിലേക്കും ഒരുമിച്ചുജീവിക്കാനുള്ള ഏറ്റവും വലിയ സന്ദേശമായിത്തീരുകയാണു ചെയ്യേണ്ടത്.

കാർഷികസംസ്കൃതിയുടെ മഹിതമായ കാഴ്ചപ്പുറങ്ങൾ അനുഭൂതിദായകമായി നമ്മെ അനുഭവിപ്പിക്കുന്ന ജില്ല കേരളത്തിൽ മറ്റേതിനെക്കാളും നിശ്ചയമായും കോട്ടയമാണ്. ജാതി, മതം, വർണം, വർഗം ഇവയ്ക്കെല്ലാമതീതമായി മാനുഷരെല്ലാരും ഒന്നുപോലെ കഴിയുന്ന ഒരു ദേശം. ഇവിടെ ജനിക്കാൻ കഴിഞ്ഞതിൽ, ഒരു മലയാളിയായി വളരാൻ കഴിഞ്ഞതിൽ ഏറെ അഭിമാനവും സന്തോഷവും തോന്നിയിട്ടുണ്ട്. മറ്റുസ്ഥലങ്ങളിൽപോകുകയും അവിടുത്തെ മനുഷ്യരുമായി പരിചയപ്പെടുകയുമൊക്കെ ചെയ്യുമ്പോൾ വളരെ അഭിമാനകരമായ ഒരു കലാസാംസ്കാരികപാരമ്പര്യം മലയാളിക്ക് എല്ലാ കാലത്തും ഉണ്ടാകാറുണ്ടല്ലോ. അതു കാർഷികസംസ്കാരവുമായിബന്ധപ്പെട്ടതാണ് എന്നുള്ളത് നിസ്തർക്കമായ കാര്യമാണ്.

*ഉഴുതുമറിക്കുവിൻ*
*ഉഴുതുമറിക്കുവിൻ*
*ഉഴവന്മാരേ താഴ്‌വരകൾ*
*ഇവിടെ വിതയ്ക്കുവിൻ*
*ഇവിടെ വിതയ്ക്കുവിൻ*
*ഇനിയ ഫലങ്ങൾ വിളയിക്കാൻ*

ഇങ്ങനെയുള്ള കവിതകൾ ഒരു കാലഘട്ടത്തിൽ മലയാളദേശത്തു സജീവമായിരുന്നു.

ഓണത്തോടനുബന്ധിച്ച് ഓരോ ദിനപത്രവും വിശേഷാൽപതിപ്പുകൾ പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ പതിപ്പുകൾ പരിശോധിക്കുമ്പോൾ അതിൽ ഭൂതകാലജീവിതത്തിന്റെ നന്മകളെ സ്വപ്നം കാണുന്ന ഒരു കാലഘട്ടത്തെ കുറിക്കുന്നു എന്നത് അഭിമാനകരമാണ്. പാഴ്സിയെന്നോ ജൂതനെന്നോ ജൈനനെന്നോ ക്രിസ്ത്യാനിയെന്നോ മുസ്ലീമെന്നോ ഹിന്ദുവെന്നോ ഉള്ള വിഭാഗീയതകൾ ഒന്നുമില്ലാതെ വിയർപ്പാണു പരമമായ സത്യം, മനുഷ്യസ്നേഹമാണ് ഏറ്റവും വലിയ സന്ദേശം എന്ന് നമ്മെ ഓർമിപ്പിച്ചുകൊണ്ട് ഓണം ഓരോ വർഷവും ഒരുമിച്ചുജീവിക്കാനുള്ള ഏറ്റവും വലിയ പ്രേരകശക്തിയായി മാറുന്നു. കുട്ടികൾ ഊഞ്ഞാലിൽ ആടിത്തിമിർക്കുന്നതും കളിച്ചുരസിക്കുന്നതും വീട്ടിലും നാട്ടിലും ഉള്ളതെല്ലാം വച്ചുപെറുക്കി മനോഹരമായ സദ്യ ഒരുക്കുന്നതും മലയാളികൾക്ക് ആവേശമുള്ള കാര്യമാണ്.

ഓണവും വിഷുവും ക്രിസ്തുമസും ദീപാവലിയും എല്ലാം പരസ്പരം പങ്കിട്ട് സ്നേഹത്തിന്റെ മഹാസന്ദേശം ഉയർത്തിപ്പിടിക്കാനുള്ള അവസരമാക്കി മാറ്റുകയാണല്ലോ നമ്മൾ ചെയ്യുന്നത്. ▶ 5

ഓണാശംസകൾ



CHERUPUSPAM TIMES
SONATA WESTERN ELEGANCE TMX
SINGER PHILIPS HELIX TIMEX
CASIO TIMEX USHA

ചെറുപുഷ്പം ടൈംസ്
ടൗൺ ബസ്സ്റ്റാൻഡ് - പാലാ
+91 98461 98545 | 04822 214 122

ഓണാശംസകൾ

അഗ്രിമ
കർഷക ഓപ്പൺ മാർക്കറ്റ്
കാർഷിക നഴ്സറി
ഇക്കോഷോപ്പ്

സെന്റ് തോമസ് പ്രസ്സിനു സമീപം, പാലാ
ഫോൺ: 9074556724

പാലാ രൂപത സോഷ്യൽ വെൽഫെയർ സൊസൈറ്റി സംരംഭം

"മായം ചേർക്കാത്ത നാടൻ ഉത്പന്നങ്ങളുടെ കലവറ"



ഹൈബ്രീഡ് പച്ചക്കറി തൈകൾ, ഗുണമേന്മയുള്ള
നാടൻ - വിദേശ ഫലവൃക്ഷത്തൈകൾ
വളങ്ങൾ, ചെടിച്ചട്ടികൾ

ഓണാശംസകൾ

S.J. ആയുർവേദ ഫാർമസി
പുതിയ കാവ് ടെമ്പിൾ റോഡ്
ചെത്തിമറ്റം - പാലാ
ബ്രാഞ്ചുകൾ : കോട്ടയം & ആലപ്പുഴ

മദ്യപാനരോഗചികിത്സ ആയുർവേദത്തിലൂടെ...

നിരാശയിലാണ്ടുപോയ ആയിരക്കണക്കിനു കുടുംബങ്ങളെ
സ്വസ്ഥതയിലേക്കു തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞ ദിവ്യൗഷധം

Please Contact:
Dr. K.V. Joseph DAM
Mob: 9447421216, 04822-214167

ഓണാശംസകൾ!

Thanks to the whole-hearted support and co-operation for the past few years

SURYA DRUGS

Room No. 3K, Puthumana Tower,
PALA P.O., Kottayam Dist.
Ph: 04822- 201977(O)

WHOLESALE PHARMACY IN PALA HAVING FULL RANGE OF SURGICAL EQUIPMENTS, DENTAL PRODUCTS & GENERAL MEDICINES

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



മൂഴയിൽ ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
മൂഴയിൽ ഫൈനാൻസിയേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപ മാത്രം പലിശ

35 വർഷത്തെ സേവനപാരമ്പര്യം
നവഭാരത് കോളേജ്

മരിയൻ ഹോസ്പിറ്റൽ Jn.
അരുണാപുരം പി.ഒ., പാലാ

Govt. V.H.S.S. നു സമീപം
പൊൻകുന്നം

Ph: 9495195739, 9495021259

അഡ്മിഷൻ തുടരുന്നു
+2 Science commerce humanities

6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

B.A., B.Com - (M.G. University)
Regular, Postal & Holiday Classes

DEI Ed ഹിന്ദി ട്രെയിനിങ്

NCTEയുടെ അംഗീകാരത്തോടുകൂടി ദക്ഷിണ ഭാരത് ഹിന്ദിപ്രചാരസഭയുടെ യൂണിവേഴ്സിറ്റി വിഭാഗം നടത്തുന്ന ഹിന്ദി അധ്യാപകപരിശീലനമായ D EI Ed (ശിക്ഷാ സ്നാതക്) ട്രെയ്നിംഗ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. പ്ലസ്ടു പരീക്ഷയും ദക്ഷിണഭാരതഹിന്ദിപ്രചാരസഭ നടത്തുന്ന രാഷ്ട്ര ഭാഷാവിശാരദ്, കേരളഹിന്ദിപ്രചാരസഭയുടെ ഹിന്ദിഭൂഷൺ, തത്തുല്യയോഗ്യതയോ ഉള്ളവർക്ക് അപേക്ഷിക്കാം.

HINDI TTC

എസ്.എസ്.എൽ.സിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷംകൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.



പ്രൊഫ. മാടവന
ബാലകൃഷ്ണപിള്ള

# പ്രതീക്ഷയുടെ മഹോത്സവം

ഓണം പ്രതീക്ഷയുടെ മഹോത്സവമാണ്. ഐശ്വര്യത്തിലേക്കുള്ള പ്രതീക്ഷ. സമ്പദ്സമൃദ്ധിയിലേക്കുള്ള പ്രതീക്ഷ. ശാന്തിക്കും സമാധാനത്തിനുംവേണ്ടിയുള്ള പ്രതീക്ഷ. കള്ളവും ചതിയും കൊള്ളയുമില്ലാത്ത സുരഭിലസുന്ദരമായ ഒരു കാലാവസ്ഥയിലേക്കുള്ള മോഹന പ്രതീക്ഷ. കാരണം, പണ്ടെങ്ങോ ഈ നാട്ടിൽ ഉണ്ടായിരുന്നതായി പറഞ്ഞുമാത്രം കേട്ടിട്ടുള്ള ഒരു സ്വപ്നഭൂമി വീണ്ടും വന്നുഭവിക്കുമെന്നുള്ള അതിമോഹം. വെറുതെ മോഹിക്കാനുള്ള മോഹമാണെന്നറിയാമെങ്കിൽക്കൂടി,



അങ്ങനെ ചിന്തിക്കുന്നതിൽ ഒരു ലഹരിയുണ്ട്, ഒരനുഭൂതിയുണ്ട്. അതുകൊണ്ടാണ്, എന്നും നമ്മുടെ മനസ്സിൽ ഓണത്തെപ്പറ്റിയുള്ള സ്മരണകൾ സുഗന്ധപൂരിതമായി ത്രസിച്ചുനിൽക്കുന്നതും.

ഓണാഘോഷം കഴിഞ്ഞാൽത്തന്നെ, പിറ്റേന്നുമുതൽ അടുത്ത ഓണത്തിനായി മലയാളി കാത്തിരിക്കുന്നു. ഇതെല്ലാം അതിശയോക്തിയല്ലേയെന്നു ചിന്തിക്കുന്നവരുണ്ടാകാം. പട്ടിണിയും ദാരിദ്ര്യവുമൊക്കെ അരങ്ങുതകർത്തുകൊണ്ടിരുന്ന കാലത്തല്ലേ ഓണത്തിന്റെ പ്രസക്തിയെന്നാകും അവരുടെ ചോദ്യം. ഒരർഥത്തിൽ, സത്യമാണ്. പണ്ടൊക്കെ ഓണമെന്നു പറഞ്ഞാൽ സദ്യ, പുത്തൻവസ്ത്രങ്ങൾ, കളികൾ എന്നാണ് മനസ്സിലെ ചിത്രം. ഇന്നു മലയാളികൾക്ക് അത്ര ദാരിദ്ര്യമൊന്നുമില്ല. സദ്യയിലോ പുത്തനുടുപ്പുകളിലോ അത്ര കമ്പവുമില്ല. ഇതൊക്കെ ഏതാണ്ട് സർവസാധാരണമായി മാറിയിരിക്കുന്നു അഥവാ നമ്മുടെ സാമ്പത്തികാവസ്ഥ മെച്ചപ്പെട്ടിരിക്കുന്നു.

എന്നിരുന്നാലും, ഈ മെച്ചപ്പെട്ട അവസ്ഥയിലും ഓണാവേശം മലയാളികൾക്ക് അശേഷം കുറഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ല, പ്രത്യേകിച്ചും മറുനാടൻ മലയാളികളിൽ. ലോകത്തെവിടെയുള്ള പ്രവാസിമലയാളികളും ഓണനാളിൽ ഒത്തുകൂടാറുണ്ട്. ഓണത്തിനു വീട്ടിലെത്താൻ കഴിയാത്തതിന്റെ ഗൃഹാതുരനൊമ്പരത്തോടെയാണവിടെ മലയാളികൾ ആഹ്ലാദത്തിമിർപ്പിൽ പങ്കെടുക്കുന്നത്.

പത്തുവർഷംമുമ്പ്, അമേരിക്കയിലെ ന്യൂജേഴ്സിയിലുള്ള ഒരു ക്രിസ്ത്യൻകുടുംബത്തിലായിരുന്നു ഞങ്ങളുടെ ഓണാഘോഷം. ഉച്ചയൂണിനു ക്ഷണിച്ചതുതന്നെ 'സദ്യ റെഡി' എന്നു പറഞ്ഞുകൊണ്ടായിരുന്നു! ഊണുമേശയിലെത്തിയപ്പോൾ അദ്ഭുതപ്പെട്ടുപോയി. നല്ല തൂശനില നിറയെ വിഭവങ്ങൾ! തൂശനിലയായിരുന്നു പ്രധാന അദ്ഭുതം. ഒരു മാസംമുമ്പ് ഓർഡർ ചെയ്തതാണ്! ബോട്സ്വാനയിൽനിന്നുള്ളതാണീ ഇല! അതിഥികളുണ്ടാകുമെന്നു കരുതിയല്ല ഇലയുടെ ഇറക്കുമതി!

"ഓണത്തിന് ഇലയിട്ടുണ്ടില്ലെങ്കിൽ, പിന്നെന്തു സദ്യ?" വീട്ടുടമയുടെ കമന്റ്. അതാണ് മലയാളി. അതുതന്നെയാണ് ഓണവും.

ഓണം മലയാളിയുടെ മനസ്സിന്റെ ഈണമാണ്, രാഗവും താളവും ലയവുമാണ്. അതവരുടെ ലഹരിയാണ്. മലയാളിയുടെ സ്വന്തം ആഘോഷം. സ്വന്തം അഹങ്കാരം. ലോകത്തു മറ്റൊരിടത്തും എല്ലാ ജാതി, മത രാഷ്ട്രീയകക്ഷികളും ഒന്നിച്ചാഘോഷമാക്കുന്ന മറ്റൊരുത്സവമില്ല. ഒരേ ആവേശത്തോടെയാകണമെന്നില്ല ഈ ആഘോഷം. ഓരോ വിഭാഗത്തിനും ഓണാഘോഷം വ്യത്യസ്തമായിരിക്കും. ഒരു ദിവസംമുതൽ 28 ദിവസം വരെ ചെറിയ രീതിയിൽ ഓണം ആഘോഷിക്കുന്നവർ ഇന്നും കേരളത്തിലില്ലാതില്ല. പക്ഷേ, തിരുവോണം എല്ലാവർക്കും പൊന്നോണംതന്നെ.

"ഇരവിപ്പെരുമാളാണ് തൃക്കാക്കര ഓണമഹോത്സവം മഹാബലിയുടെ ഓർമയ്ക്കായി തുടങ്ങിവച്ചതെന്നാണ് ചരിത്രം. ഒരു മാസം നീണ്ടുനിന്നിരുന്ന ഉത്സവം, ചിങ്ങമാസത്തിലെ തിരുവോണത്തിനായിരുന്നു അവസാനിച്ചിരുന്നത്. മലയാളികളെല്ലാം സകുടുംബം ഈ ഉത്സവത്തിന് എത്തണം. വന്നെത്താൻ കഴിയാത്തവർ വീടുകളിൽ ഓണമാഘോഷമാക്കണം. സദ്യ, മല്ലടിക്കളി, പാട്ട്, ആട്ടം എന്നിവയെല്ലാംകൊണ്ട് ഓണം കേമമാക്കണം. മതഭേദമില്ലാതെ എല്ലാവരും ഓണം ആഘോഷിച്ചിരുന്നു."

നാടുവാഴിയുടെ ഈ വിളംബരം കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ 'ഓണം' എന്ന കവിതയിലൂടെയാണു വ്യക്തമാക്കിയിട്ടുള്ളത്. പ്രജാക്ഷേമതത്പരനായ മഹാബലിയുടെയും വാമനന്റെയുമൊക്കെ കഥകൾ എല്ലാവർക്കും അറിയാവുന്നതിനാൽ വിവരിക്കുന്നില്ല. ഏകാധിപതിയായിരുന്നു മഹാബലിയെങ്കിലും ജനപ്രിയനായിരുന്നു. ജനങ്ങളുടെ സുഖദുഃഖങ്ങളിൽ അവരോടൊപ്പം നിന്ന രാജാവ്. അതുകൊണ്ടാണ്, ആ ജനപ്രിയനേതാവിന്റെ സ്ഥാനചലനത്തിൽ പ്രജകൾ ദുഃഖിച്ചതും ആ നേതാവിന്റെ മഹത്ത്വം ഇന്നും പാണനെപ്പോലെ പാടിനടക്കാൻ മലയാളികൾക്ക് ആവേശം തോന്നുന്നതും.

ഒരു കാര്യം സത്യം; പൊയ്പ്പോയ ആ സങ്കല്പനാളുകളിലെ മാവേലിമന്നന്മാരെ ഈ ജനാധിപത്യയുഗത്തിൽ പ്രതീക്ഷിക്കാൻ കഴിയുന്നതല്ല. ജനങ്ങൾ തിരഞ്ഞെടുത്ത് അധികാരത്തിലെത്തിക്കുന്ന രാജാധിരാജന്മാർ, നമ്മെ കട്ടുമുടിക്കാനും നമ്മുടെ തലകൾ തല്ലിപ്പൊളിക്കാനുമാണു പലപ്പോഴും ശ്രമിക്കുന്നത്. അതിനാലാണ് ജനങ്ങൾ മഹാബലിയുടെ അംശഗുണമുള്ള ആരെങ്കിലും നമ്മെ ഭരിക്കാൻ എന്നെങ്കിലും ഉണ്ടാകണേ എന്നു മനംനൊന്തു പ്രാർഥിച്ചുപോകുന്നത്. അതുകൊണ്ടുതന്നെയാണ് പട്ടിണിപ്പാവങ്ങൾപോലും കാണം വിറ്റും ഓണം ഉണ്ണുന്നതും. ഇന്നത്തെ ജനാധിപത്യരാജാക്കന്മാർക്കു സ്ഥാനം പോയാൽ ജനങ്ങൾ പടക്കം പൊട്ടിക്കുന്നതും അതുകൊണ്ടുതന്നെ.

■

കവിത

ളാക്കാട്ടൂർ പൊന്നപ്പൻ

## ഓണമേ സാന്ത്വനമേകൂ

ഓണംവന്നോണം വന്നോണം
ഒന്നിച്ചുകൂടേണം നമ്മൾ
ഓണം തിമിർത്തു രസിക്കാൻ
കാണവും വില്ക്കേണം നമ്മൾ
അത്തം കഴിഞ്ഞെത്ര നാളായ്
പത്തായം പയ്യെത്തുറക്കാം
ഏത്തനും പൂവനും ഞാലീം
താഴെത്തെടുത്തങ്ങുവയ്ക്കാം
മൊത്തം പഴുത്തില്ലയെങ്കിൽ
കത്തുന്ന ചൂട്ടിൽ പുകയ്ക്കാം
താഴെത്തൊടിയിലായ്പ്പോകാം
വാഴക്കുലകളെ നോക്കാം
കാലിൽത്തലകുത്തിത്തൂങ്ങും
വമ്പിച്ച വാവലിൻ കൂട്ടം
കുലകളറുത്തിട്ടുണ്ടാമോ
പിഞ്ചുകായ്പോലും ചവച്ചോ
പന്നിയുമാനയും പോത്തും
കേറി നിരങ്ങീട്ടുണ്ടാമോ
പുഞ്ചനെൽപ്പാടങ്ങളെല്ലാം
ചാഞ്ചാടി നില്ക്കുന്നനേരം
കൊത്തിയെടുത്തു പറക്കാൻ
ഓണമവർക്കും ഘോഷിക്കാൻ
ഇങ്ങനെയല്ലോ നടക്കൂ
കുഞ്ഞനുറുമ്പിനെപ്പോലും
ഓണമൂട്ടുന്നവർ നമ്മൾ
മാരി ചൊരിഞ്ഞ വിനകൾ
മാനവരെന്നു മറക്കും
കൂടെ വസിച്ചവരെല്ലാം
ഉരുളിൻകൂടെ മറഞ്ഞോർ
ഭീകരതാണ്ഡവരാത്രി
ഓർക്കുവാനാവതല്ലാർക്കും
ആർത്തദിനങ്ങൾ മറക്കാൻ
മർത്ത്യനു ചോദനയേകാൻ
നല്ലൊരുദയം കിഴക്കിൻ
വർണവാനത്തിലുണരാൻ
കണ്ണുകൾ നട്ടങ്ങിരിപ്പോർ
എണ്ണിയാൽത്തീരാത്ത മക്കൾ
കൂടെപ്പിറപ്പുകളെല്ലാം
അങ്ങങ്ങു ദൂരെയായുണ്ടേ?
ആയവർക്കായിന്നു ഞങ്ങൾ
പായസച്ചോറുമൊരുക്കും
ആടിക്കാറോടി മറഞ്ഞേ
ആടലിൻ കാലം കഴിഞ്ഞേ
കാറെല്ലാം നീങ്ങി മറഞ്ഞേ
കാരുണ്യനാളുകളായേ
ഓണമേ വന്നു നീ വേഗം
സാന്ത്വനമിന്നിവർക്കേകൂ!



ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



എല്ലാ ജ്ഞാനവും ദൈവഭക്തിയിലടങ്ങുന്നു; ജ്ഞാനത്തിൽ നിയമത്തിന്റെ പൂർത്തീകരണമുണ്ട്.
പ്രഭാഷകൻ 19:20

**എഡിറ്റോറിയൽ**

# മണിപ്പുർ വീണ്ടും പുകയുമ്പോൾ

രാജ്യത്തിന്റെ വടക്കുകിഴക്കൻമേഖലയിലുള്ള മണിപ്പൂർസംസ്ഥാനം മനുഷ്യമനഃസാക്ഷിയുടെ ഉള്ളുലയ്ക്കാൻ തുടങ്ങിട്ട് ഒന്നരവർഷമായി. കഴിഞ്ഞ 16 മാസമായി സമാധാനമെന്തെന്നറിഞ്ഞിട്ടില്ലാത്ത ആ സംസ്ഥാനത്തു വീണ്ടും കലാപം പൊട്ടിപ്പുറപ്പെട്ടിരിക്കുന്നു. മെയ്തെയ്കളും കുക്കികളും കഴിഞ്ഞ ദിവസങ്ങളിൽ ഏറ്റുമുട്ടലിനു ഡ്രോണുകളും റോക്കറ്റ് പ്രൊപ്പൽഡ് ഗ്രനേഡുകളും ഉപയോഗിച്ചതോടെ അതിർത്തികളിൽ താമസിക്കുന്നവരുൾപ്പെടെ കടുത്ത ഭീതിയിലാണ്. ആയുധങ്ങൾ ഘടിപ്പിച്ച ഡ്രോൺ ഉപയോഗിച്ചുള്ള ആക്രമണങ്ങൾ അരങ്ങേറുന്നത് മണിപ്പൂരിൽ ഇതാദ്യമാണ്.

രാജ്യം കണ്ട ഏറ്റവും ദൈർഘ്യമേറിയ കലാപത്തിൽ ഔദ്യോഗികകണക്കനുസരിച്ചു തന്നെ 225 പേർ കൊല്ലപ്പെട്ടു. മുഖ്യമന്ത്രിതന്നെ നിയമസഭയിൽ അറിയിച്ച കണക്കനുസരിച്ച്, കലാപത്തിൽ 59,564 പേരെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. 11,133 വീടുകൾ അഗ്നിക്കിരയാക്കി. പലയിടങ്ങളിലും മെയ്തെയ് – കുക്കി വിഭാഗങ്ങൾ തമ്മിൽ യുദ്ധസമാനമായ സാഹചര്യം നിലനില്ക്കുന്നതു മണിപ്പൂരിൽ മാത്രമല്ല, രാജ്യമൊട്ടാകെ ആശങ്ക പരത്തിയിരിക്കുകയാണ്. പ്രക്ഷോഭവുമായി ബന്ധപ്പെട്ട് വിദ്യാർഥികൾ കൂട്ടത്തോടെ തെരുവിലിറങ്ങിയതും സംഘർഷാവസ്ഥയ്ക്ക് ആക്കം കൂട്ടിയിട്ടുണ്ട്.

മെയ്തെയ്, കുക്കിവിഭാഗങ്ങൾ തമ്മിലുള്ള വംശീയകലാപത്തിന് 2023 മേയ് മൂന്നിനാണ് തുടക്കംകുറിച്ചത്. മണിപ്പൂർ താഴ്‌വരയിലെ പ്രബലവിഭാഗമായ മെയ്തെയ്കൾക്ക് പട്ടികവർഗപദവി കൊടുക്കുന്നതിനെക്കുറിച്ചുള്ള ഹൈക്കോടതിയുടെ പരാമർശത്തെത്തുടർന്നായിരുന്നു സംഘർഷം പുകഞ്ഞുതുടങ്ങിയത്. ജനസംഖ്യയിൽ 53 ശതമാനം വരുന്ന ഇവർക്കാണ് സർക്കാർ സർവീസുകളിലും രാഷ്ട്രീയത്തിലുമെല്ലാം സ്വാധീനമുള്ളത്. ഇപ്പോൾ ഒബിസി വിഭാഗത്തിലുള്ള മെയ്തെയ്കളാണ് മണിപ്പൂർ നിയമസഭയിലും ഭൂരിപക്ഷം. മ്യാന്മർ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽനിന്നുള്ള അനധികൃത കുടിയേറ്റം താഴ്‌വരകളിലെ സമാധാനം തകർത്തെന്നും ജീവിതവും സംസ്കാരവും സ്വത്വവും നിലനിർത്താൻ ഗോത്രവിഭാഗങ്ങൾക്കുള്ളതുപോലെ പ്രത്യേക പരിരക്ഷ തങ്ങൾക്കു വേണമെന്നുമായിരുന്നു മെയ്തെയ്കളുടെ ആവശ്യം.

മണിപ്പൂരിലെ മലനിരകളിൽ താമസിക്കുന്നവരാണ് നാഗാവംശജരും കുക്കിവംശജരും. ഇവർ ജനസംഖ്യയുടെ 40 ശതമാനത്തോളമാണുള്ളത്. മെയ്തെയ്കൾക്ക് പട്ടികവർഗപദവി നല്കുന്നതോടെ പർവതമേഖലയിൽ കഴിയുന്ന ഗോത്രവിഭാഗങ്ങൾക്കു സംവരണാനുകൂല്യം നഷ്ടപ്പെടുമെന്നുവന്നതോടെയാണ് നാഗാ, കുക്കി വംശജർ പ്രതിഷേധവുമായി രംഗത്തെത്തിയത്. ഇതോടൊപ്പംതന്നെ, കുടിയേറ്റക്കാരെ ഒഴിപ്പിക്കുന്നതിന്റെപേരിൽ മലനിരകളിൽ നടത്തിയ സർക്കാർനടപടിയും സംഘർഷത്തിനു കാരണമായി. പ്രതിഷേധം ദിവസം ചെല്ലുന്തോറും കലാപത്തിലേക്കു വഴിമാറി.

സംസ്ഥാനസർക്കാർ കലാപം കണ്ടുനിൽക്കുകയാണെന്നു കുറ്റപ്പെടുത്തി, മണിപ്പൂരിൽ സമ്പൂർണഭരണത്തകർച്ചയെന്നു സുപ്രീംകോടതി ആവർത്തിച്ചുപറഞ്ഞിട്ടുണ്ട്. മെയ്തെയ് തീവ്രവാദസംഘടനകളെ മുഖ്യമന്ത്രി ബിരേൻസിങ് പിന്തുണയ്ക്കുന്നുണ്ടെന്ന വിമർശനം ശരിവയ്ക്കുന്ന രീതിയിലാണ് അദ്ദേഹത്തിന്റേതെന്ന വിധത്തിൽ കഴിഞ്ഞ മാസം 'ദ വയർ' എന്ന ഓൺലൈൻ മാധ്യമം പുറത്തുവിട്ട ശബ്ദരേഖ. സംസ്ഥാനപൊലീസിന്റെ ആയുധസംഭരണികൾ തീവ്രവാദികൾക്കു തുറന്നുകൊടുത്തുവെന്ന് ഈ ശബ്ദരേഖയിൽ ബിരേൻ തുറന്നടിക്കുന്നുണ്ട്. മേയ് മൂന്നു മുതൽ അഞ്ചു വരെ മണിപ്പൂർ താഴ്‌വരയിലുണ്ടായ ആക്രമണങ്ങൾ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കൃത്യമായി ആസൂത്രണം ചെയ്ത പദ്ധതിയാണെന്നും ഈ ആക്രമണത്തിൽ പൊലിഞ്ഞ കുട്ടികളും സ്ത്രീകളും ഉൾപ്പെടെയുള്ള 286 പേരുടെ ജീവനും, ഭൂരഹിതരാക്കപ്പെട്ട 60,000 ൽപരം ജനത്തിന്റെ സ്വത്തിനും ഉത്തരവാദിത്വം മുഖ്യന്റെ ചുമലിലാണെന്നും കൃത്യമായ രാഷ്ട്രീയനിരീക്ഷണമുണ്ട്. മണിപ്പൂർ കലാപങ്ങളുടെ സൂത്രധാരൻ മുഖ്യമന്ത്രിയായ ബിരേനാണെന്നു നിഷ്പക്ഷമതികൾക്കുവരെ വ്യക്തമായിരിക്കേ, ഇദ്ദേഹത്തിന്റെ കൈയിൽ അധികാരം തുടരുന്നതിന്റെ അർഥശൂന്യതയെക്കുറിച്ചു രാഷ്ട്രീയവൃത്തങ്ങളിൽ കടുത്ത പ്രതിഷേധമുണ്ട്.

മണിപ്പൂരിലെ വംശീയ-വർഗീയകലാപം ജനങ്ങളെ ആഴത്തിൽ വിഭജിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ വിവേകപൂർണമായ നടപടികളിലൂടെ അവിടെ ശാശ്വതസമാധാനത്തിനു വഴിതുറക്കാൻ കേന്ദ്രസർക്കാർ അടിയന്തരമായി ഇടപെടണം. പ്രശ്നപരിഹാരത്തിനു പാർലമെന്റിൽ ആത്മാർഥമായ ചർച്ചയുണ്ടാകണം. പ്രതിപക്ഷത്തെയും സമാധാനകാംക്ഷികളെയും ഒന്നിച്ചിരുത്തി പരിഹാരത്തിനായി പരിശ്രമിക്കണം. ഒപ്പം, മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നു പ്രകോപനപരമായ ഇടപെടലുകൾ ഉണ്ടാവാതിരിക്കാൻ കേന്ദ്രം ജാഗ്രത പുലർത്തുകയും വേണം.

ആരൊക്കെ എന്തൊക്കെ പറഞ്ഞാലും, മണിപ്പുരിൽ പോകില്ലെന്ന ദുർവാശി പ്രധാനമന്ത്രി അവസാനിപ്പിച്ചേ പറ്റൂ. യുക്രെയ്നിലും റഷ്യയിലും ഗാസയിലും സമാധാനശ്രമങ്ങൾക്കു നേതൃത്വം നൽകുന്ന മോദി, മണിപ്പൂർ കലാപത്തിൽ നിഷ്ക്രിയത്വം പാലിക്കുന്നത് രാജ്യത്തിനാകെ അപമാനമാണ്. പ്രധാനമന്ത്രിജീ, അങ്ങു മൗനം വെടിഞ്ഞ് സങ്കടമനുഭവിക്കുന്ന മണിപ്പൂരിന്റെ മണ്ണിൽ നേരിട്ടെത്തി സമാധാനശ്രമങ്ങൾക്കു നേതൃത്വം നൽകണമെന്ന് മണിപ്പൂരിലെ മക്കളോടൊപ്പം ആ ഭൂമിയെ സ്നേഹിക്കുന്നവരെല്ലാം ഹൃദയപൂർവം ആഗ്രഹിക്കുന്നു.

1-ാം പേജ് തുടർച്ച

# നമ്മൾ ഒന്നാണ്

'കള്ളവുമില്ല ചതിയുമില്ല എള്ളോളമില്ല പൊളിവചനം' എന്ന മഹാബലിയെക്കുറിച്ചുള്ള പാട്ട്, മഹാബലി വാണിരുന്ന ഒരു കാലഘട്ടത്തെക്കുറിച്ചുള്ള കവിതകൾ, നാടകങ്ങൾ, മറ്റുതരത്തിലുള്ള കലാപരിപാടികൾ എല്ലാം ചേർന്ന് നമ്മളൊന്ന് എന്ന സന്ദേശം ലോകത്തിന്റെ മുമ്പിൽ അഭിമാനത്തോടെ കാഴ്ചവയ്ക്കുകയാണു മലയാളി. അതുകൊണ്ട്, മലയാളിയുടെ ഓണാഘോഷപരിപാടികളിൽ പങ്കെടുക്കാൻ കഴിയുന്നത് അഭിമാനകരമായ ഒരു കാര്യമാണ്. കൽക്കട്ടയിലും ബോംബെയിലും കേരളത്തിൽത്തന്നെയുള്ള മറ്റു ജില്ലകളിലും ഗൾഫുരാജ്യങ്ങളിലും അമേരിക്കയിലുമൊക്കെ ഓണക്കാലത്തു കഴിയാനുള്ള സൗഭാഗ്യം എനിക്കുണ്ടായിട്ടുണ്ട്. അവിടെയെല്ലാം ജാതിക്കും മതത്തിനും അതീതമായി മലയാളികൾ ഒരമ്മ പെറ്റ മക്കളെപ്പോലെ കഴിയുന്നു എന്നുള്ളത് നമുക്ക് അഭിമാനവും സന്തോഷവും തരുന്നതാണ്. ജാതിയുടെയും മതത്തിന്റെയും മറ്റു വിഭാഗീയതയുടെയുമൊക്കെ പേരിൽ നമ്മൾ ചേരിതിരിഞ്ഞു നില്ക്കാതിരിക്കുന്നുവോ, അഥവാ മനുഷ്യനെ പരസ്പരം ഭിന്നിപ്പിക്കുന്ന സ്വാധീനങ്ങളിൽനിന്ന് അകന്നുമാറി നില്ക്കുന്നുവോ അവിടെയാണ് ഓണം നമുക്കു സന്ദേശമായിത്തീരുന്നത്.

മനുഷ്യർ ഒന്നാണ് എന്നുള്ള സന്ദേശം മുന്നോട്ടുവയ്ക്കുന്നതിന് നിശ്ചയമായും ഇങ്ങനെ ഒരു അവസരം ഉണ്ടാക്കിത്തന്നതിന് ദീപനാളം എന്ന പ്രസിദ്ധീകരണത്തോട് എനിക്ക് ഉള്ളുതുറന്ന അഭിമാനവും ആനന്ദവുമുണ്ട്. ദീപനാളം കൃത്യമായി അയച്ചുതരുന്നത് വായിക്കാൻകൂടി കഴിയുന്നുവെന്നതാണ് എന്നെ സംബന്ധിച്ച് ഏറെ സന്തോഷം പകരുന്ന കാര്യം. സമകാലിക ജീവിതാവസ്ഥകളെ മുഴുവൻ അപഗ്രഥിച്ചുകൊണ്ട് അതിൽനിന്നെല്ലാമുള്ള നന്മകളെ സ്വാംശീകരിക്കാൻ ദീപനാളം നമുക്കു വലിയ പ്രേരണയായിത്തീരുന്നുവെങ്കിൽ, അതു മലയാളക്കരയിൽ സ്നേഹത്തിന്റെ കൊടിയടയാളമായിത്തന്നെ മാറുന്നുണ്ടെന്നു പറയുന്നതിൽ അതിശയോക്തിയൊന്നുമില്ല. ഈയൊരു പുതിയ കാലഘട്ടത്തെ വരവേല്ക്കാൻ, ഓണത്തെ ഹൃദയത്തോടു ചേർത്തുപിടിക്കാൻ, പൂക്കളം നിർമിക്കാൻ, ഊഞ്ഞാലിലാടാൻ, സദ്യയുണ്ണാൻ, വള്ളം തുഴയാൻ, ഗുസ്തി പിടിക്കാൻ അങ്ങനെ അത്തരം



ആരോഗ്യകരമായ മുഴുവൻ മത്സരങ്ങളിലൂടെയും സാംസ്കാരികരംഗത്ത് ഒരു ഉഴുതുമറിക്കൽപ്രക്രിയയ്ക്കുള്ള കളമൊരുക്കലാണ് ഓരോ വർഷത്തെയും ഓണം നമുക്കു സംഭാവന ചെയ്യുന്നത്. ആ ഉഴുതുമറിക്കൽപ്രക്രിയയിലൂടെ അടിസ്ഥാനപരമായി നാം ലോകത്തിനു കൈമാറുന്ന സന്ദേശം നമ്മൾ ഒന്നാണ് എന്നതുതന്നെയാണ്.

ഫാ. ഡാമിയൻ, മൊളോക്കോയി ദ്വീപിൽച്ചെന്നു താമസിച്ച് കുഷ്ഠരോഗികൾക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച മഹാപ്രതിഭയായ ഒരു യതിവര്യൻ ആയിരുന്നുവല്ലോ. അദ്ദേഹത്തിന്റെ ജീവിതത്തെ ആസ്പദമാക്കി താരാശങ്കർ ബാനർജി എന്ന ലോകപ്രസിദ്ധനായ ഇന്ത്യൻ നോവലിസ്റ്റ് ഒരു നോവൽ എഴുതിയിട്ടുണ്ട്: 'ഏഴുചുവട്'. ആ ബംഗാളി നോവലിനെ അധികരിച്ച് ഒരു സിനിമയും മലയാളത്തിൽ വന്നു. 'സ്നേഹദീപമേ മിഴിതുറക്കൂ' എന്നാണ് അതിന്റെ പേര്. ആ സിനിമയിലെ ഒരു പാട്ടിൽ ആവർത്തിച്ചുപറയുന്നത് 'ലോകം മുഴുവൻ സുഖംപകരാനായി സ്നേഹദീപമേ മിഴിതുറക്കൂ' എന്നാണ്. ഫാ. ഡാമിയന്റെ ചിന്ത മഹാബലിയുടെ ചിന്തകൾക്കൊപ്പം ചേർത്തുവായിക്കുന്നിടത്താണ് മലയാളിയുടെ മഹത്ത്വപൂർണമായ മനസ്സിന്റെ മഹാശോഭ നമ്മൾ അറിയുന്നത്.

തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്നായി മുറിഞ്ഞുകിടന്നിരുന്ന കേരളം ഒന്നായിത്തീർന്നത് നമുക്കേവർക്കും അഭിമാനമുള്ള കാര്യമാണല്ലോ. ഒരമ്മപെറ്റ മക്കളെപ്പോലെ ആളുകൾ പുലരുന്ന ഈ ദേശത്തെക്കുറിച്ചാണ് ഒ.എൻ.വി. എഴുതിയത്:

മൂന്നുകോണിൽ
നിന്നുവന്നേ
ഇന്നലെ നാം പാടിയല്ലോ
നമ്മളൊന്നാണേ
പാടാം നമ്മളൊന്നാണേ.

ഓണക്കാലത്തുമാത്രമല്ല എക്കാലവും ഒരുമയോടെ ജീവിക്കാൻ നമുക്കു പ്രേരകമായിത്തീരട്ടെ എന്ന പ്രാർഥനയോടെ, ഒറ്റമനസ്സോടെ സ്നേഹത്തിന്റെ രഥങ്ങളിലേറി അതിന്റെ പതാകവാഹകരായിത്തീരുന്നതിന് മുഴുവനാളുകൾക്കും കഴിയട്ടെ എന്നാശംസിച്ചുകൊണ്ട്, ദീപനാളത്തിന്റെ എല്ലാ വായനക്കാർക്കും എന്റെ ഹൃദയപൂർവമായ ഓണാശംസകൾ നേരുന്നു. ■

# ഇതളുകൾ ശലഭങ്ങളോട് കിന്നരിച്ച നാളുകൾ



ഡോ. സജിത്ത് ഏവൂരേത്ത്

വള്ളിനിക്കറിട്ടു നടക്കുന്ന കാലത്താണ് ഓണത്തോട് എനിക്കു വല്ലാത്ത പ്രണയം തോന്നുന്നത്. കൊയ്ത്തും മെതിയും എള്ളും കറ്റയുമൊക്കെയുള്ള കാലം. അന്നേ കൂട്ടും സെറ്റുമൊന്നുമില്ല. പാട്ടാണ് എപ്പോഴും കൂട്ടുകാരൻ. അച്ഛൻ ജോലിസ്ഥലത്തുനിന്നു കൊണ്ടുവന്ന പഴയ തോഷിബാ റേഡിയോ മുറിപ്പുറത്തെ അരമതിലിൽ പൊട്ടിയും ചീറ്റിയും ചിതറിയും ചിലമ്പിച്ചുമൊക്കെ പാടുന്ന പാട്ടുകളിലായിരുന്നു ജീവിതത്തിന്റെ വസന്തവും ശിശിരവും ഹേമന്തവുമൊക്കെ കടന്നുപോയിരുന്നത്.

അത്തംമുതലേ അയലത്തുള്ള കുട്ടികളൊക്കെ പൂക്കളിറുക്കാൻ വീട്ടുതൊടിയിലെത്തും. ഓരോ ദിവസവും അവർ പൂക്കളത്തിന്റെ നിറങ്ങളിലും വളയങ്ങളിലും ഓരോ എണ്ണം കൂട്ടും. വാഴപ്പിണ്ടി ചെറുതായി മുറിച്ച് കളത്തിനു നടുവിൽ കുഴിച്ചിട്ട്, അതിൽ നിറയെ ചോരത്തുടിപ്പൻ ചെമ്പരത്തിപ്പൂക്കൾ കുത്തിനിർത്തും. അപ്പോൾ അവരുടെ മുഖങ്ങൾ കാണേണ്ടതുതന്നെ. പൂവിനെപ്പോലെ ചുവന്നുതുടുത്തിരിക്കും. അന്നും ഇന്നും പൂക്കളമിടുന്നതിനോട് എനിക്കു താത്പര്യമില്ല. മറ്റൊന്നുംകൊണ്ടല്ല... പ്രകൃതി, ചെടികൾക്കു നൽകിയ മനോഹരമായ അലങ്കാരങ്ങൾ, മനുഷ്യൻ അവനുവേണ്ടി പറിച്ചെടുത്ത് ഒറ്റദിവസത്തെ വെയിലിൽ ഉണക്കിക്കരിച്ചു തൂത്തുവാരി ദൂരെക്കളയുന്നു. സ്വാർഥനായ മനുഷ്യൻ! മറിച്ച് അവ ചെടികളിൽനിന്നാലോ, ഒരാഴ്ചയെങ്കിലും നിറവും മണവും തൂകി ചിരിച്ചുനിൽക്കും. ഒരാഴ്ച വണ്ടിനു തേനൂട്ടും. ഇതളുകൾ ശലഭങ്ങളോടു കിന്നരിക്കും.

നനഞ്ഞൊലിച്ചു കൊയ്തുകേറി കളം നിറച്ചുവയ്ക്കുന്ന കറ്റക്കെട്ടുകളാണ് കർക്കടകത്തിന്റെ സമ്പാദ്യം. ദുരിതകാലമെന്നു തോറ്റി, പൊട്ടിയെ പടിയടച്ച്, ശീവോതിയെ കൊട്ടിപ്പാടി അകത്തേറ്റുന്നു. കളിക്കാൻ കൂട്ടില്ലാത്ത, ഊഞ്ഞാൽപ്പാട്ടില്ലാത്ത, ഒറ്റപ്പെട്ട ബാല്യത്തിൽ പാട്ടു കൂട്ടായ കഥയാണു പറഞ്ഞുവന്നത്.

"പൂവിളി... പൂവിളി... പൊന്നോണമായി
നീ വരൂ... നീ വരൂ... പൊന്നോണത്തുമ്പീ"
(വിഷുക്കണി–1977)

എന്ന പാട്ടാണ് അക്കാലത്ത് ഓണം കൊണ്ടുവരുന്നത്. എന്റെ ഗ്രാമമായ മുതുകുളത്തുനിന്നു വിളിപ്പാടകലെയാണ് ഹരിപ്പാട്. കർഷകഗ്രാമമായ ഹരിപ്പാടു ജനിച്ചുവളർന്ന ശ്രീകുമാരൻതമ്പിയാണ് ഈ പാട്ടെഴുതിയത് എന്നൊക്കെ തിരിച്ചറിയാൻ പിന്നെയും കാലങ്ങളെടുത്തു.

എന്നും മലയാളസിനിമയിൽ നിറഞ്ഞുനിന്ന ഒരു നായകനേയുള്ളൂ; അതു സാക്ഷാൽ പ്രേംനസീറാണ്. ഗാനരംഗത്ത് പ്രേംനസീറിന്റെ സാന്നിധ്യം മനോഹരമായ ഒരു അനുഭവമായിരുന്നു. പാട്ടിന്റെ വരികളിലൂടെ... ദാസിന്റെ മൊഴികളിലൂടെ നസീറിന്റെ ചുണ്ടുകൾ തത്തിക്കളിച്ചുപോകുന്നതു കാണാൻ എന്തു ചേലായിരുന്നു! കുട്ടനാട്ടിലെ കായൽപ്പരപ്പിലൂടെ ഒഴുകുന്ന ബോട്ടിനു മുന്നിൽ മുഴുക്കയ്യൻ മഞ്ഞഷർട്ടുമിട്ട് 'ഓണപ്പൂവേ... പൂവേ... പൂവേ' (ഈ ഗാനം മറക്കുമോ – 1978 – ഒ.എൻ.വി) എന്നു പാടിപ്പോകുന്ന നസീർ. 'നീ തേടും മനോഹരതീരം' എന്നു പാടുമ്പോൾ ഞാൻ കരുതിയത് എന്റെ ഗ്രാമത്തെയാകും അദ്ദേഹം തേടുന്നതെന്നാണ്.

തിരുവോണസദ്യയുണ്ട് ഓണക്കോടിയുമിട്ട്



അയൽപക്കത്തുള്ള കുട്ടികൾ, അമ്മവീടുകളിലേക്കും ബന്ധുവീടുകളിലേക്കും പോകുമ്പോൾ വിശാലമായ പറമ്പിന്റെ, നിഴൽവീണ ഓരങ്ങളിൽ ഓണത്തുമ്പികളോടു പോഴത്തം പറഞ്ഞ് ഒറ്റപ്പെട്ടുനടക്കുകയായിരിക്കും ഞാൻ. 'എവിടെയും പോകാനില്ലല്ലോ.'

അന്നു നാട്ടിൽ ചേട്ടന്മാരുടെ ഒരു ക്ലബ്ബുണ്ട് – പ്രതിഭ. നാട്ടിലുള്ള ബാപ്പുജി വായനശാലയിലെ അപ്പോഴത്തെ കുമാരന്മാരാണ് 'പ്രതിഭ'യുടെ ഭാരവാഹികൾ. എല്ലാ വർഷവും അവിട്ടംനാളിൽ 'പ്രതിഭ തീയറ്റേഴ്സ്' ഒരു നാടകം അവതരിപ്പിക്കും. രാത്രി എട്ടിന്, ഐശ്വര്യപ്രദായനി സ്കൂളിൽ നടക്കുന്ന നാടകം കാണാൻ നാട്ടുകാർ ചൂട്ടും കത്തിച്ചു വരും. ഇല്ലാത്തവന്റെ ജീവിതവും ജീവിതാനുഭവങ്ങളും മനുഷ്യാവസ്ഥകളുടെ പ്രഹേളികകളായി മാറിമറിയുന്ന വികാരതീവ്രമായ രംഗങ്ങൾ നാടകങ്ങളെ അവിസ്മരണീയമാക്കി. അപ്പോൾ ഞാൻ ഓർത്തത്,

'ഓമനത്തിങ്കളിലോണം പിറക്കുമ്പോൾ
താമരക്കുമ്പിളിൽ പനിനീര്
ഓണം പിറന്നാലും ഉണ്ണി പിറന്നാലും
ഓരോ കുമ്പിൾ കണ്ണീര്' (തുലാഭാരം–1968 – വയലാർ) എന്ന ഗാനമാണ്.

വയസ്സു വളരുകയും പാട്ടു തുടരുകയും ചെയ്തപ്പോൾ മനസ്സിന്റെ പോക്കറ്റുകളിൽ കയറിയിരുന്നത് എത്രയെത്ര പാട്ടുകളാണ്!

'ഒന്നാം പൊന്നോണപ്പൂപ്പട കൂട്ടാൻ
പൂക്കണ്ണി കോരാൻ ഓടിവാ തുമ്പീ'
(പാവങ്ങൾ പെണ്ണുങ്ങൾ – 1973 – വയലാർ)

'കാറ്റും പോയ് മഴക്കാറുംപോയ്
കർക്കിടകം പിറകേ പോയ്
ആവണിത്തുമ്പിയും അവൾ പെറ്റ മക്കളും
വാ... വാ... വാ'
(വാഴ്‌വേമായം – 1970 – വയലാർ)

'തിരുവോണപ്പുലരിതൻ
തിരുമുൽക്കാഴ്ച വാങ്ങാൻ
തിരുമുറ്റമണിഞ്ഞൊരുങ്ങീ...'
(തിരുവോണം – 1975 – ശ്രീകുമാരൻതമ്പി)

'പൂവേണം പൂപ്പടവേണം പൂവിളിവേണം'
(ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം – 1987 – ഒ.എൻ.വി)

'പാതിരാക്കിളി വരൂ പാൽക്കടൽക്കിളീ
ഓണമായിതാ തിരുവോണമായിതാ...'
(കിഴക്കൻ പത്രോസ് – 1992 – ഒ.എൻ.വി)

'കേരളം... കേരളം... കേളികൊട്ടുയരുന്ന കേരളം'
(മിനിമോൾ – 1977 – ശ്രീകുമാരൻതമ്പി)

ഇങ്ങനെ എത്രയോ ഓണപ്പാട്ടുകൾ!

പക്ഷേ, ഇന്നും കേൾക്കുമ്പോൾ എന്നെ വിഷാദിപ്പിക്കുന്ന രണ്ട് ഓണപ്പാട്ടുകൾകൂടിയുണ്ട്. ഓണവും ജീവിതവുമൊക്കെ എനിക്കു നൽകിയ സ്ഥായീഭാവങ്ങളെ അവ തോറ്റിയുണർത്തുന്നു. ഒന്ന്, ശ്രീകുമാരൻതമ്പിയുടെ 'ഉത്രാടപ്പൂനിലാവേ വാ'. അതിൽ,

'തിരുവോണത്തിൻ കോടിയുടുക്കാൻ
കൊതിക്കുന്നു തെരുവിൻമക്കൾ
അവർക്കില്ല പൂമുറ്റങ്ങൾ പൂവിടർത്തുവാൻ
വയറിന്റെ ഗാനംകേട്ടേ മയങ്ങുന്ന വാമനന്മാർ'

എന്ന വരികൾ കേൾക്കുമ്പോൾ അറിയാതെ കണ്ണുനിറയും.

പിന്നെ മറ്റൊരെണ്ണം ഗിരീഷ് പുത്തഞ്ചേരിയുടേതാണ്:

"ആരോ കമിഴ്ത്തിവച്ചോരോട്ടുരുളിപോലെ
ആകാശത്താവണിത്തിങ്കൾ..."

യഥാർഥ ഓണത്തിനു പ്രത്യേക രുചിയുണ്ടായിരുന്നു. സവിശേഷ മണമുണ്ടായിരുന്നു, നിറവും ഭാവവും വികാരവും വിഷാദവുമൊക്കെയുണ്ടായിരുന്നു, ഇന്ന് എന്നും ഓണമാണ്. എല്ലാവർക്കും ഓണമാണ്. എപ്പോഴും ഓണമാണ്. ഇല്ലായ്മയ്ക്കിടയിൽ വന്ന ഓണങ്ങളാണ് ഹൃദയത്തിന്റെ നടുമുറ്റത്ത് ഓർമയുടെ പൂക്കളമൊരുക്കിയത്, ജീവിതത്തിന്റെ വാടാമലരുകൾകൊണ്ട്...

**യഥാർഥ ഓണത്തിനു പ്രത്യേക രുചിയുണ്ടായിരുന്നു. സവിശേഷ മണമുണ്ടായിരുന്നു, നിറവും ഭാവവും വികാരവും വിഷാദവുമൊക്കെയുണ്ടായിരുന്നു, ഇല്ലായ്മയ്ക്കിടയിൽ വന്ന ഓണങ്ങളാണ് ഹൃദയത്തിന്റെ നടുമുറ്റത്ത് ഓർമയുടെ പൂക്കളമൊരുക്കിയത്, ജീവിതത്തിന്റെ വാടാമലരുകൾകൊണ്ട്...**

ഹോമിയോ മരുന്നുകൾക്ക്
രാജൻ ഹോമിയോ മെഡിക്കൽസ്
പാലാ ടൗൺ ബസ് സ്റ്റാൻഡ്
യൂണിവേഴ്സൽ തിയേറ്ററിനു സമീപം
Mob: 9447139198

ഓണാശംസകൾ
SB മോട്ടോർ ഡ്രൈവിംഗ് സ്കൂൾ
കട്ടക്കയം റോഡ്, പാലാ പി.ഒ.
ഫോൺ: 9447506643, 04822 201243




**സെപ്റ്റംബർ 22**
**ഏലിയാ–സ്ലീവ–മൂശക്കാലം**
**അഞ്ചാം ഞായർ**
**(സ്ലീവാ രണ്ടാം ഞായർ)**

**ഉത്പ 9:8–17**
**ദാനി 7:9–14**
**1 കോറി 1:18–25**
**മത്താ 24:29–36**



**ഫാ. ഡോ. തോമസ് വടക്കേൽ**



# മനുഷ്യപുത്രന്റെ ആഗമനം

**ക**ർത്താവിന്റെ രണ്ടാമത്തെ ആഗമനത്തെ പ്രതീക്ഷിച്ചിരുന്നവരാണ് ആദിമസഭയിലെ വിശ്വാസികൾ. അവരുടെ ജീവിതത്തിന്റെയും പ്രവർത്തനങ്ങളുടെയുമെല്ലാം 'ഫോക്കസ്' യുഗാന്ത്യോന്മുഖമായിരുന്നു (eschatological). 'ആകാശത്തിൽ മനുഷ്യപുത്രന്റെ അടയാളം പ്രത്യക്ഷപ്പെടും, സകല ശക്തിയോടും മഹത്ത്വത്തോടുംകൂടി മിശിഹാ വരും. തിരഞ്ഞെടുക്കപ്പെട്ടവരെ അവിടുന്ന് ഒരുമിച്ചുകൂട്ടും' - ഈ വലിയ പ്രത്യാശ വച്ചുപുലർത്തിയിരുന്നവരായിരുന്നു ആദിമസഭാവിശ്വാസികൾ. 'പറൂസിയ' (parousia)യുടെ സമയമോ ദിവസമോ അറിവില്ലാതിരുന്നതിനാൽ അവർ സദാ ജാഗരൂകരായി ഒരുങ്ങിയിരുന്നു. ഏലിയ-സ്ലീവാ-മൂശക്കാലം ഈ ഒരു ചിന്തയിലേക്കാണ് ആധുനികസഭാമക്കളെ നയിക്കുന്നത്. ഇന്നത്തെ വചനവായനകളെല്ലാം 'മിശിഹായുടെ വരവിനെ'ക്കുറിച്ചാണു പ്രതീകാത്മകമായി സൂചിപ്പിക്കുന്നത്.

ഒന്നാം വായനയിൽ (ഉത്പ. 9:8–17) പ്രളയത്തിനുശേഷം മനുഷ്യനെ പരിപാലിക്കാൻ ആഗ്രഹിക്കുന്ന ദൈവം സ്ഥാപിക്കുന്ന ഉടമ്പടിയുടെ അടയാളമായി ഉയർത്തുന്ന മഴവില്ലിനെക്കുറിച്ചും; രണ്ടാം വായനയിൽ (ദാനി. 7:9–14) വാനമേഘങ്ങളിൽ മഹത്ത്വപൂർണനായി ആഗതനാകുന്ന മനുഷ്യപുത്രനെക്കുറിച്ചും; മൂന്നാം വായനയിൽ (1 കോറി. 1:15–25) രക്ഷയുടെ വഴിയിലൂടെ ചരിക്കുന്നവർക്കു ദൈവശക്തിയായി മാറുന്ന കുരിശിന്റെ സന്ദേശത്തെക്കുറിച്ചും; നാലാം വായനയിൽ (മത്താ. 24:29–36) വാനവിതാനങ്ങളിൽ പ്രത്യക്ഷപ്പെടുന്ന മനുഷ്യപുത്രന്റെ അടയാളത്തെക്കുറിച്ചും നാം ശ്രവിക്കുന്നു. കർത്താവിന്റെ 'സ്ലീവാ' രക്ഷയുടെ അടയാളമായി നിലകൊള്ളുന്നുവെന്ന ദർശനമാണ് ഇവിടെ നിഴലിക്കുന്നത്.

**ഉത്പത്തി 9:8–17:** മനുഷ്യന്റെ തിന്മയും കുടിലതയും അവനു തന്നെ ശിക്ഷയ്ക്കു കാരണമായി. ദൈവത്തോട് അവൻ മറുതലിച്ചപ്പോൾ ജലപ്രളയം അവനു ശിക്ഷയായി ലഭിച്ചു. മനുഷ്യൻ തന്നിൽനിന്ന് അകലുമ്പോഴും അവനെ തന്റെ പക്കലേക്കു തിരികെക്കൊണ്ടുവരാൻ ദൈവം ആഗ്രഹിക്കുന്നുണ്ട്. ദൈവത്തിന്റെ കല്പനകൾക്കു ചെവികൊടുത്ത നോഹയെപ്രതി ദൈവം ജനത്തെ ഫലപുഷ്ടി നൽകി അനുഗ്രഹിക്കുന്നു. അവനെ പരിപാലിക്കുന്നു. ഒരു ഉടമ്പടി അവനുമായി സ്ഥാപിക്കുന്നു. ഇതാണ് ഒന്നാം വായനയുടെ പശ്ചാത്തലം.

മനുഷ്യനുമായി ഉടമ്പടിയുണ്ടാക്കുന്ന ഒരു ദൈവത്തെയാണ് പഴയനിയമത്തിൽ നാം കാണുന്നത്: "നീയുമായി ഞാനെന്റെ ഉടമ്പടി ഉറപ്പിക്കും" (ഉത്പ. 6:18). ഹീബ്രുഭാഷയിലെ 'ബെറിത്' (berith) എന്ന പദത്തിന്റെ അർഥം 'ഉടമ്പടി'(covenant) എന്നാണ്. ദൈവമായ കർത്താവ് മനുഷ്യനുമായി അവന്റെ നന്മയ്ക്കുവേണ്ടി നടത്തുന്ന ഒരു വാഗ്ദാനമാണിത്. പ്രളയത്തിന്റെ മുമ്പിൽ നോഹയ്ക്കു ദൈവം നൽകിയ വാഗ്ദാനം അവിടുന്നു പൂർത്തിയാക്കുകയാണിവിടെ.

ദൈവത്തിന്റെ ഉടമ്പടി നിരുപാധികമാണ്. യാതൊരുവിധ വ്യവസ്ഥകളുമില്ലാതെ (unconditional)യാണ് ദൈവം തന്റെ ജനത്തോടു സംസാരിക്കുന്നത്. മനുഷ്യന്റെ ഭാഗത്തുനിന്നുള്ള പ്രതികരണം ആവശ്യപ്പെടാതെതന്നെ അവിടുന്ന് അവന്റെ രക്ഷയ്ക്കുവരും എന്ന ദർശനമാണിത്. മുൻ ഉടമ്പടികളിൽ ദൈവം മനുഷ്യനു നിബന്ധനകൾ നൽകുകയും അനുസരണം ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ, മനുഷ്യൻ അവ ലംഘിച്ചു. മനുഷ്യനെ പരിപാലിക്കാനാഗ്രഹിക്കുന്ന ദൈവം നിരുപാധികമായി ജനത്തോട് ഇടപെടുകയാണ്.

ഇനിയൊരു വെള്ളപ്പൊക്കംകൊണ്ടു നാശം വരുത്തില്ലായെന്നു പറയുന്ന കർത്താവ് അസ്തിത്വഭീതിയിൽ കഴിയുന്ന ജനത്തിനു ധൈര്യവും പ്രത്യാശയും പകരുന്നുണ്ട് (9:11). എല്ലാ തലമുറകൾക്കുംവേണ്ടി ദൈവം ഇടപെടുകയാണ്. ഗ്രീക്കുബൈബിളിലെ 'ഗെനെയാസ് ഐയോണിയൂസ് (geneas aionious) എന്ന പ്രയോഗത്തിന്റെ അർഥം 'perpetual generation' എന്നാണ്. എല്ലാക്കാലവും ദൈവം മനുഷ്യരക്ഷയ്ക്കുവേണ്ടി നിലകൊള്ളുമെന്ന സൂചനയാണിത്. ദൈവം കൈവിടില്ല തന്റെ സൃഷ്ടിയെ. ഈ ഉടമ്പടിയുടെ അടയാളമാണ് മേഘങ്ങളിൽ തെളിയുന്ന മഴവില്ല്. ഇത് ഈശോമിശിഹായിലേക്കുള്ള സൂചനയാണ്.

**ദാനിയേൽ 7:9–14:** ദാനിയേലിന്റെ പുസ്തകത്തിന്റെ ആദ്യ ആറ് അധ്യായങ്ങളിൽ കഥകളിലൂടെയും സംഭവവിവരണങ്ങളിലൂടെയും ദാനിയേലിന്റെ മാഹാത്മ്യത്തെക്കുറിച്ചാണു വർണിച്ചത്. ഏഴാം അധ്യായത്തിൽ ദർശനങ്ങൾ സ്വീകരിക്കുന്ന ദൈവപുരുഷനായി ദാനിയേൽ മാറുകയാണ്. ദാനിയേലിന്റെ ജീവിതത്തിൽ അവനു വ്യക്തിപരമായി അനുഭവപ്പെട്ട ദൈവികവെളിപാടുകളാണ് ഈ ഭാഗത്തു വിവരിക്കുന്നത്. ഏഴാം അധ്യായത്തിൽ പ്രധാനമായും ഒരു സ്വപ്നദർശനവിവരണമാണ്.

ദാനിയേൽ 7:1–8 ൽ ദാനിയേൽ സ്വപ്നത്തിൽ കണ്ട കടലിൽനിന്നു കയറിവന്ന നാലു മൃഗങ്ങളെക്കുറിച്ചാണു പരാമർശിക്കുന്നത്. നാലു രാജാക്കന്മാരെയോ നാലു മൃഗങ്ങളെയോ ആണിതു സൂചിപ്പിക്കുന്നത്. ദാനിയേൽ 7:9–14 ൽ മനുഷ്യപുത്രനെക്കുറിച്ചുള്ള സ്വർഗീയദർശനത്തിന്റെ വിവരണമാണ്. അതിഭീകരമായ മൃഗങ്ങളുടെ ദർശനത്തിനുശേഷം ശാന്തഭാവത്തിലുള്ള സ്വർഗീയദർശനം സംജാതമാകുന്നു. ഇസ്രയേൽജനത്തിന്റെ ചരിത്രത്തിലെ ഭീതിജനകമായ ദുരന്തങ്ങളുടെ പ്രതീകാത്മകസൂചനയാണ് ക്രൂരമൃഗങ്ങളുടെ ദർശനത്തിൽ വ്യക്തമാകുന്നത്. എന്നാൽ, മഹത്ത്വപൂർണനായി വരുന്ന മനുഷ്യപുത്രനെക്കുറിച്ചുള്ള ദർശനം ജനത്തിന്റെ ജീവിതത്തിൽ കടന്നുവരുന്ന 'രക്ഷ'യുടെയും 'ആനന്ദ'ത്തിന്റെയും അടയാളമാണ്.

'പുരാതനനായവൻ' (the Ancient of Days) എന്ന് ഇവിടെ പരാമർശിക്കുന്നത് സർവശക്തനായ ദൈവത്തെയാണ് (7:9). തിന്മയെ പരാജയപ്പെടുത്തുന്ന, ശത്രുക്കളെ തൂത്തെറിയുന്ന സർവശക്തനാണ് ദൈവമെന്ന ദർശനമാണിത്. പുരാതനനായവന്റെ വസ്ത്രങ്ങൾ മഞ്ഞുപോലെ ധവളമാണ്. തീജ്വാലകളാണ് അവന്റെ സിംഹാസനം. ന്യായാധിപപീഠത്തിൽ അവൻ ഉപവിഷ്ടനായി. ദൈവത്തിന്റെ മഹത്ത്വത്തെയാണ് ഈ ദർശനങ്ങളെല്ലാം കുറിക്കുന്നത്.

ദാനിയേൽ 7:13,14 വാക്യങ്ങളിൽ പുരാതനനായവന്റെ മുമ്പിലേക്കു വാനമേഘങ്ങളിൽ ആഗതനാകുന്ന മനുഷ്യപുത്രനെക്കുറിച്ചാണു പരാമർശം. ആധിപത്യവും മഹത്ത്വവും രാജത്വവും നിറഞ്ഞവനാണ് മനുഷ്യപുത്രൻ. ഇതു വരാനിരിക്കുന്ന മിശിഹായെക്കുറിച്ചുള്ള സൂചനയാണ്.

**1 കോറിന്തോസ് 1:18–25:** തത്ത്വശാസ്ത്രത്തിന്റെയും ദാർശനികതയുടെയും കേന്ദ്രമായിരുന്ന കോറിന്തോസിൽ മാനുഷികവിജ്ഞാനത്തിനും യവനതത്ത്വദർശനങ്ങൾക്കും പ്രബോധനങ്ങൾക്കും ധാരാളംപേർ അമിതപ്രാധാന്യം നൽകിയിരുന്നു. സഭയിലേക്കു വന്നവരിൽ ചിലർ അത്തരത്തിലുള്ള സ്വാധീനങ്ങളിൽപ്പെട്ട് ഈശോമിശിഹായുടെ കുരിശിന്റെ പ്രാധാന്യത്തെ തമസ്കരിച്ചു. കുരിശിന്റെ വചനം ഭോഷത്തമായി ചിലർക്ക് അനുഭവപ്പെട്ടു. ഈ പശ്ചാത്തലത്തിലാണ് 'കുരിശിന്റെ വചനം' രക്ഷയുടെ മാർഗമാണെന്നു പൗലോസ് പഠിപ്പിക്കുന്നത്.

പൗലോസിന്റെ ഭാഷ്യത്തിൽ രണ്ടു തരത്തിലുള്ള മനുഷ്യരാണുള്ളത്: നാശത്തിന്റെ വഴിയിലൂടെ നടക്കുന്നവരും രക്ഷയുടെ വഴിയിലൂടെ സഞ്ചരിക്കുന്നവരും. നാശത്തിന്റെ വഴിയിലൂടെ ചരിക്കുന്നവർ(those who are perishing)ക്ക് കുരിശ് 'വിഡ്ഢിത്ത'മാണ്. 'മോറിയ' (moria) എന്ന ഗ്രീക്കുപദത്തിന്റെ അർഥം 'nonsense' എന്നാണ്. കുരിശിന്റെ വചനത്തിന്റെ യഥാർഥ അർഥം ഗ്രഹിക്കാത്തവരാണിവർ. അക്കാരണത്താൽ അവർ സ്വയം ദൈവികമായ രക്ഷ നഷ്ടപ്പെടുത്തുന്നവരാണ്. രക്ഷയുടെ വഴിയിലൂടെ നടക്കുന്നവർക്ക് കുരിശ് എന്നത് ദൈവത്തിന്റെ ശക്തിയാണ് (power of God). കുരിശാണ് രക്ഷ, കുരിശിലാണ് രക്ഷ, കുരിശിന്റെ വചനമാണ് രക്ഷ. എന്നാൽ, ലോകദൃഷ്ടിയിൽ ഇതു ഭോഷത്തമാണ്.

ദൈവത്തിന്റെ ഭോഷത്തം (the foolishness of God) എന്ന പരാമർശം ഗ്രീക്കുകാർക്കും യഹൂദർക്കും ഭോഷത്തമായ കുരിശിനെയാണ് അർഥമാക്കുന്നത്. കുരിശിലെ ദൈവം അവരുടെ കാഴ്ചപ്പാടിൽ ബലഹീനതയുടെ അടയാളമാണ്. കുരിശിലെ മരണം ദൈവത്തിന്റെ ചെറുതാകലും നിസ്സാരതയുമാണ്. ഭൗമികതത്ത്വജ്ഞാനത്തിന്റെ കാഴ്ചപ്പാടിൽ സഞ്ചരിക്കുന്നവർക്ക് അക്കാരണത്താൽത്തന്നെ കുരിശിന്റെ വചനം ഭോഷത്തമാണ്. മരണത്തെ പരാജയപ്പെടുത്തിയ ഈശോമിശിഹായുടെ കുരിശ് വിജയത്തിന്റെ പ്രതീകമാണ്, രക്ഷയുടെ അടയാളമാണ്. സ്ലീവാ മഹത്ത്വത്തിന്റെ പ്രതിബിംബമാണ്.

**മത്തായി 24:29–36:** വി. മത്തായി സുവിശേഷത്തിന്റെ 23,24 അധ്യായങ്ങളിൽ ഈശോയുടെ യുഗാന്ത്യോന്മുഖമായ പ്രഭാഷണങ്ങളാണു പങ്കുവയ്ക്കുന്നത്. ലോകത്തിന്റെ കാഴ്ചപ്പാടിൽ പരാജയമായിത്തീരുന്ന ഈശോയുടെ കുരിശിന്റെ ജീവിതം യുഗാന്ത്യോന്മുഖകാഴ്ചപ്പാടിൽ പൂർണവിജയം വരിക്കുമെന്ന ദർശനമാണ് ഇവിടെ വിവരിക്കുന്നത്.

മനുഷ്യപുത്രൻ മേഘങ്ങളിൽ എഴുന്നള്ളിവരുമെന്ന ദാനിയേൽപ്രവാചകന്റെ ദർശനത്തെ (ദാനി. 7:13–14) ആസ്പദമാക്കി, മിശിഹായുടെ രണ്ടാമത്തെ ആഗമനത്തെക്കുറിച്ച് ഈ വചനഭാഗം പ്രതിപാദിക്കുന്നു. പ്രപഞ്ചത്തിലുണ്ടാകുന്ന മാറ്റങ്ങളെ അവതരിപ്പിച്ചതിനുശേഷമാണ് മനുഷ്യപുത്രന്റെ വരവിനെക്കുറിച്ചു പറയുന്നത്: സൂര്യൻ ഇരുണ്ടുപോകും, ചന്ദ്രൻ പ്രകാശം തരുകയില്ല; നക്ഷത്രങ്ങൾ നിപതിക്കും; ആകാശശക്തികൾ ഇളകും. സർവശക്തനായ മിശിഹായുടെ മഹത്ത്വത്തിനുമുമ്പിൽ പ്രപഞ്ചശക്തികൾ അശക്തങ്ങളാകുന്നുവെന്നും, മിശിഹാ സർവത്തിന്മേലും ആധിപത്യവും അധികാരവും ശക്തിയുമുള്ളവനാണെന്നും ഈ 'കോസ്മിക് അടയാളങ്ങൾ' സൂചിപ്പിക്കുന്നു.

'മനുഷ്യപുത്രന്റെ അടയാളം' (the sign of the Son of Man) എന്നത് മിശിഹായുടെ രണ്ടാമത്തെ ആഗമനമാണ് - പറൂസിയ (parousia). ശക്തിയോടും മഹത്ത്വത്തോടുംകൂടിയുള്ള ഒരു ആഗമനമാണത്. 'അടയാളം' എന്നർഥം വരുന്ന ഗ്രീക്കുഭാഷയിലെ 'സെമയോൻ' (semeion) മിശിഹായുടെ വരവിന്റെ പ്രതീകങ്ങളായ കാഹളധ്വനിയും ദൈവദൂതന്മാരുടെ വരവുമെല്ലാം അർഥമാക്കുന്നു.

അത്തിമരത്തിന്റെ ഉപമ യുഗാന്ത്യത്തിന്റെ സൂചനയാണ്. വേനൽക്കാലം അടുത്തുവെന്നു ജനം മനസ്സിലാക്കുന്നത് അത്തിമരം ധാരാളം ഇലകൾ തളിർക്കുന്നതു കാണുമ്പോഴാണ്. പ്രപഞ്ചത്തിലെ അസാധാരണമായ ചില 'അടയാളങ്ങൾ' മനുഷ്യപുത്രന്റെ വരവ് - പറൂസിയ - ഉടനുണ്ടാകുമെന്നു സൂചിപ്പിക്കുന്നു. രണ്ടാം വരവിന്റെ സമയം മനുഷ്യർക്ക് ആർക്കും അറിവില്ലാത്തതിനാൽ ഏവരും ജാഗരൂകതയോടെ വ്യാപരിക്കേണ്ടതുണ്ട്.

■

# മനോജ്ഞമായ ഭൂതകാലം



**ഡോ. സെൽവി സേവ്യർ**

വിശ്വമാനവികതയുടെ മഹത്ത്വമുദ്ഘോഷിക്കുന്ന മലയാളിയുടെ മഹോത്സവമാണ് തിരുവോണം. കാലപ്രവാഹത്തിൽ കൈമോശംവരാതെ മലയാളി നിധിപോലെ സൂക്ഷിക്കുന്ന, മൺമറഞ്ഞുപോയ മനോജ്ഞമായ ഒരു ഭൂതകാലത്തിന്റെ ഓർമകളുമായി ബന്ധപ്പെട്ട ആഘോഷം. ജാതി മത വർഗ വർണചിന്തകൾ ഒന്നുമില്ലാത്ത മഹത്തായ ഉത്സവം! ഓരോ മലയാളിയുടെയും ആത്മാഭിമാനമാണ് ഓണം. കാർഷികോത്സവമായ ഓണത്തിന്റെ ഭാസുരമായ പാരസ്പര്യം മലയാളി കാത്തുസൂക്ഷിക്കുന്നു.

ചിങ്ങപ്പുലരിക്ക് അഴകേറെയാണ്. ഓണപ്പൂക്കളവും ഓണസദ്യയും ഓണനിലാവും ഓണപ്പാട്ടും ഓണപ്പുടവയും ഓണക്കളിയും ഊഞ്ഞാലും എല്ലാം മലയാളിക്ക് ഗൃഹാതുരത്വം നിറഞ്ഞ ഓർമകളാണ്. മനുഷ്യത്വത്തിന്റെ നിത്യപച്ച നിലനിർത്താനും ശാസ്ത്രമുന്നേറ്റത്തിന്റെ ആഘാതംകൊണ്ടു പരിക്കേൽക്കാത്ത മനസ്സിന്റെ സഹജമായ സൗകുമാര്യത്തെയും ലാളിത്യത്തെയും സംവേദനശീലത്തെയും സംരക്ഷിക്കാനും ഓണാഘോഷത്തിലൂടെ നമുക്കു കഴിയേണ്ടതാണ്.



മഹാബലിയെന്ന പ്രജാക്ഷേമതത്പരനായ രാജാവിന്റെ ഭരണവും വാർഷികസന്ദർശനവുമെല്ലാം ഒരു മിത്താണെങ്കിലും ആഴമുള്ള ഒരു സന്ദേശം അഴകുള്ള ഈ കഥയിലുണ്ട്. അതിജീവനത്തിന്റെയും പ്രതീക്ഷയുടെയും പ്രകാശകാന്തിയുണ്ട്. നന്മയിലേക്കും കരുണയിലേക്കും ദിശ കാണിക്കുന്ന കാലാതീതമായ ഓർമപ്പെടുത്തലുണ്ട്. വർഷത്തിൽ ഒരൊറ്റ ദിവസത്തിനുമാത്രമുള്ള ആഘോഷമാകരുത് ഓണം. ആ കഥയ്ക്കുള്ളിലെ വിശ്വമാനവികതയുടെ സന്ദേശവും ഒരുമയുടെ ഉയിരുള്ള സംഗീതവും നാം കേൾക്കാതെപോകരുത്. ഏതു പ്രതിസന്ധിയിലും സന്തോഷം കണ്ടെത്താനുള്ള മനുഷ്യന്റെ കഠിനശ്രമത്തിന്റെ ഹരിതാഭമായ ഇലയിലാണ് ഈ ഓണക്കാലത്തു നാം സദ്യ വിളമ്പേണ്ടത്.

ഓണത്തിന്റെ പുരാവൃത്തത്തിന് പുതിയ അർഥം കണ്ടെത്താനും മനുഷ്യന്റെ മൗലികസത്തയോട് അതിനെ അന്വയിക്കാനും ഭൂതകാലത്തെക്കുറിച്ചുള്ള ഈ അറിവ് ഭാവിയെ രൂപപ്പെടുത്തുന്നതിനു നിർണായകസ്വാധീനമാക്കാനും ശ്രമിക്കുന്നതിനു പകരം നമുക്കിന്ന് ഓണം ഒരു ത്സവംമാത്രമാണ്. ഓണം ഓഫറിൽ സാധനങ്ങൾ വിൽക്കുന്ന വിപണനമേളകളും വീട്ടുമുറ്റത്ത് തൊടിയിലെ പൂവിറുത്ത് ഇടുന്ന പൂക്കളങ്ങൾക്കു പകരം വിപണിയിൽനിന്നു പൂക്കൾ വാങ്ങിയിടുന്ന മെഗാ പൂക്കളങ്ങളും കോടികൾ മറിയുന്ന മദ്യവില്പനശാലകളും രാഷ്ട്രീയപാപ്പരത്തത്തിന്റെ കേളീരംഗങ്ങളും ഒക്കെയാണ് ഇന്നിന്റെ ഓണക്കാഴ്ചകൾ. മാനുഷരെല്ലാരും ഒന്നുപോലെ സാഹോദര്യത്തെ നിത്യോത്സവമാക്കിയിരുന്ന മാവേലിനാടിന്റെ മുഖമുദ്ര കേരളം എത്രത്തോളം മറന്നിരിക്കുന്നു! കള്ളവും കപടതയും അഴിമതിയും ഇവിടെ നിറഞ്ഞാടുകയാണ്. ആപത്കരമായ വികസനനയങ്ങളും പ്രകൃതിചൂഷണവും നാടിനെ ഇല്ലായ്മ ചെയ്യുകയാണ്.

ഓണം ഓർമകളുടെ ആഘോഷമാകുന്നതോടൊപ്പം ഓർമിപ്പിക്കലുകളുടെ ഉണർത്തുപാട്ടുംകൂടിയാവണം. നന്മയിലേക്കുള്ള വഴികൾ മറക്കാതിരിക്കാൻ, സാഹോദര്യത്തിന്റെയും സാമൂഹികപ്രതിബദ്ധതയുടെയും മനോഭാവം നഷ്ടമാകാതിരിക്കാൻ, കരുണയും ആർദ്രതയും ക്ഷയിക്കാതിരിക്കാൻ മലയാളികൾ മനംനിറഞ്ഞു സന്തോഷത്തോടെ ജീവിക്കുന്ന ഒരു മാവേലിനാട് നമുക്കു സ്വപ്നം കാണാം. കള്ളപ്പണവും കരിഞ്ചന്തയുമില്ലാത്ത, കൈക്കൂലിയും കുംഭകോണങ്ങളുമില്ലാത്ത കേരളം. സ്ത്രീകൾക്കും കുട്ടികൾക്കും ഏതു സമയത്തും എവിടെയും സഞ്ചരിക്കാൻ കഴിയുന്ന, പ്രകൃതിക്കിണങ്ങുന്ന വികസനപ്രവർത്തനങ്ങൾ മാത്രം നടക്കുന്ന കേരളം. പകർച്ചവ്യാധികൾ തീണ്ടാത്ത, വൈദ്യുതിയും വെള്ളവും നല്ല റോഡുകളും വീടുകളും അടക്കമുള്ള അടിസ്ഥാനസൗകര്യങ്ങൾ നൽകുന്ന കേരളം. മാലിന്യം കുമിഞ്ഞുകൂടാത്ത പുഴകളും കായലുകളുമുള്ള കേരളം. മതസൗഹാർദവും പരസ്പരസഹകരണവും ഉന്നതവിദ്യാഭ്യാസസാധ്യതകളും മികവുറ്റ തൊഴിൽസംസ്കാരവുമുള്ള കേരളം... അപ്പോഴും വൈലോപ്പിള്ളി വിഷുക്കണിയിൽ പാടിയതുപോലെ, 'മനസ്സിലുണ്ടാവട്ടെ ഗ്രാമത്തിൻ വെളിച്ചവും മണവും മമതയും ഇത്തിരി കൊന്നപ്പൂവും!'

■

## വിനായക് നിർമ്മലിന് ഐസിപിഎ – എസ്എസ്പി അവാർഡ്



മംഗളൂരു: ഇന്ത്യൻ കാത്തലിക് പ്രസ് അസോസിയേഷനും (ഐ.സി.പി.എ), സൊസൈറ്റി ഓഫ് സെന്റ് പോളും(എസ്.എസ്.പി.)സംയുക്തമായി നല്കുന്ന പ്രഥമ ജെ. മൗരസ് അവാർഡിന് വിനായക് നിർമ്മൽ അർഹനായി. ആത്മ ബുക്സ് പ്രസിദ്ധീകരിച്ച വൈധവ്യം എന്ന കൃതിയെ അടിസ്ഥാനപ്പെടുത്തിയും വിനായക് നിർമ്മലിന്റെ ഇതര സാഹിത്യസംഭാവനകളെ ആദരിച്ചുമാണ് അവാർഡ്.

ഒക്ടോബർ രണ്ടിന് മംഗളൂരുവിൽ നടക്കുന്ന ഐ.സി.പി.എയുടെ 29-ാമത് ദേശീയ കൺവൻഷനിൽ അവാർഡ് സമ്മാനിക്കും. നൂറിലധികം കൃതികളുടെ കർത്താവായ വിനായക് നിർമ്മൽ പാലാ രൂപതയിലെ പ്രവിത്താനം ഇടവകാംഗമാണ്. വിനായകിന്റെ ആദ്യത്തെ കഥയും നോവലും പ്രസിദ്ധീകരിച്ചത് ദീപനാളം വാരികയായിരുന്നു.

**കവിത** **ജയരാജ് മിത്ര**

## കാത്തിരിപ്പ്

ഈയാണ്ടുമോണം കടന്നുപോയ് നീ വന്നു-
ചേരാതെയോണം കഴിഞ്ഞുപോയീ...
വിരഹക്കൊടുംപകൽ തീകൊണ്ട വേനലും
അത്രമേൽ മൗനമായ് കണ്ണുനീർ വർഷവും
നീ ചേർന്നുനിന്നെങ്കിലാനന്ദമേകുന്ന
തോന്നലിൻമാത്രയിൽ പൂക്കും വസന്തവും
എങ്ങുനിന്നോ നിന്റെ സാമീപ്യമാർന്നപോൽ
തണുതൊട്ടു കുളിരേറ്റിയെത്തുമാ ശിശിരവും
പലതവണ, പലതവണ വന്നുപോയെങ്കിലും
കാലങ്ങളേറെക്കടന്നുപോയെങ്കിലും
ഈയാണ്ടുമോണം കടന്നുപോയ് നീ വന്നു-
ചേരാതെയോണം കഴിഞ്ഞുപോയീ...
കാത്തിരിപ്പാണെനിക്കെന്നുമോണം
നിന്നെയോർത്തിരിക്കുന്നതേ ജന്മശീലം...



AJT
CROWN
ENTERPRISES
H.O. അയർക്കുന്നം, ചേപ്പുംപാറ
സെപ്റ്റിക് ടാങ്കുകൾ
വെയിസ്റ്റ് ടാങ്കുകൾ etc...
[ കോൺക്രീറ്റ് ]



Contact: 9447006357
9495010757
ബിജു തെക്കേടം
പ്രൊപ്രൈറ്റർ

# ഓണം ഒരു സാംസ്കാരികാഘോഷം



**ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ**

**വ**ളരെയേറെ വർഷങ്ങളായി കേരളത്തിൽ ആഘോഷിക്കുന്ന ഒരു ഉത്സവമാണ് ഓണം. ഏറെക്കാലമായി ക്രൈസ്തവരും ഓണം ആഘോഷിക്കുന്നുണ്ട്. എന്നാൽ, ഈ അടുത്ത കാലത്തായി ക്രിസ്ത്യാനികൾ ഓണം ആഘോഷിക്കുന്നതു ശരിയല്ല എന്ന രീതിയിലുള്ള പ്രബോധനം ചില വചനപ്രഘോഷണവേദികളിൽനിന്നുപോലും കേൾക്കുന്നുണ്ട്. ഓണം ഇതരമതസ്ഥരുടെ ആഘോഷമാണെന്നും ക്രൈസ്തവവിശ്വാസത്തിനു നിരക്കുന്നതല്ലെന്നും ദൈവകല്പനയുടെ ലംഘനമാണെന്നുമാണ് ഇക്കൂട്ടർ വാദിക്കുന്നത്.

ഓണംപോലെയുള്ള ആഘോഷങ്ങളോട് ക്രൈസ്തവർക്കുണ്ടാകേണ്ട സമീപനം എന്തായിരിക്കണമെന്നു സൂചിപ്പിക്കുന്നതിനുമുമ്പ് ഇതരമതങ്ങളുമായുള്ള ബന്ധത്തെക്കുറിച്ച് കത്തോലിക്കാസഭ എന്താണു പഠിപ്പിക്കുന്നത് എന്നറിയേണ്ടത് ആവശ്യമാണ്.

### ഇതരമതങ്ങളുമായുള്ള ബന്ധം

ഇതരമതങ്ങളെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രധാനപഠനങ്ങൾ താഴെ പ്രതിപാദിക്കുന്നവയാണ്:

1. മറ്റു മതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായ ഒന്നും കത്തോലിക്കാസഭ തിരസ്കരിക്കുന്നില്ല. മറ്റു മതങ്ങളിലെ പല പ്രവർത്തനരീതികളും പ്രമാണങ്ങളും സിദ്ധാന്തങ്ങളും കത്തോലിക്കാസഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതിൽനിന്നു വ്യത്യസ്തമാണെങ്കിലും സഭ അവയെല്ലാം ആത്മാർഥമായ ബഹുമാനത്തോടെയാണു നിരീക്ഷിക്കുന്നത്. കാരണം, സർവമനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യത്തിന്റെ രശ്മി അവയിലെല്ലാം പ്രതിബിംബിക്കുന്നുണ്ട് (അക്രൈസ്തവമതങ്ങൾ – 2).

2. സഭാതനയർ ഇതരമതാനുയായികളുമായി വിവേകത്തോടും സ്നേഹത്തോടുംകൂടി, വിശ്വാസത്തിനും ക്രിസ്തീയജീവിതത്തിനും സാക്ഷ്യം വഹിച്ചുകൊണ്ടു സംഭാഷണത്തിലും സഹകരണത്തിലും ഏർപ്പെടണം. ഇതരമതങ്ങളിലുള്ള ആധ്യാത്മികവും ധാർമികവുമായ നന്മകളും സാമൂഹികസാംസ്കാരികമൂല്യങ്ങളും അംഗീകരിച്ചു പരിരക്ഷിക്കുകയും സമൃദ്ധമാക്കുകയും വേണം (അക്രൈസ്തവമതങ്ങൾ – 2).

3. ജാതി, മതം, വർണം, ജീവിതനിലവാരം എന്നിവയുടെ പേരിൽ മനുഷ്യനോടു വിവേചനം കാണിക്കുന്നതിനെയും മനുഷ്യനെ ഞെരുക്കുന്നതിനെയും സഭ അപലപിക്കുന്നു. ഇതരമതസ്ഥരുടെയിടയിൽ സൗഹൃദം പുലർത്തുക; എല്ലാ മനുഷ്യരോടുമൊപ്പം സമാധാനത്തിൽ ജീവിക്കാൻ യത്നിക്കുക. അപ്പോഴാണ് ക്രൈസ്തവർ യഥാർഥത്തിൽ സ്വർഗീയപിതാവിന്റെ പുത്രരായിത്തീരുന്നത് (അക്രൈസ്തവമതങ്ങൾ – 5).

4. ഇതരമതസ്ഥരുടെ രക്ഷയെക്കുറിച്ചു കൗൺസിൽ ഇപ്രകാരം പഠിപ്പിക്കുന്നു: സകല മനുഷ്യരും രക്ഷ പ്രാപിക്കണമെന്നതാണ് ദൈവത്തിന്റെ അഭിലാഷം. സ്വന്തം കുറ്റം കൂടാതെ ക്രിസ്തുവിന്റെ സുവിശേഷത്തെയും അവിടുത്തെ സഭയെയും അറിയാതിരിക്കുകയും അതേസമയം, ആത്മാർഥഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കുകയും മനഃസാക്ഷിയുടെ സ്വരത്തിലൂടെ പ്രകടമാകുന്ന ദൈവതിരുമനസ്സ് പ്രസാദവരത്തിന്റെ പ്രചോദനങ്ങൾക്കനുസൃതമായി നിറവേറ്റാൻ പരിശ്രമിക്കുകയും ചെയ്യുന്നവർക്കു നിത്യരക്ഷ പ്രാപിക്കാം (തിരുസ്സഭ – 16).

5. സകല മനുഷ്യരും ക്രിസ്തുവിന്റെ രക്ഷാകരരഹസ്യവുമായി ബന്ധപ്പെട്ടാണിരിക്കുന്നത് എന്ന് കൗൺസിൽ പഠിപ്പിച്ചു. ക്രിസ്തു മരിച്ചത് എല്ലാവർക്കുംവേണ്ടിയാണ്. എല്ലാ മനുഷ്യർക്കും പെസഹാരഹസ്യവുമായി സംയോജിക്കാനുള്ള സാധ്യത പരിശുദ്ധാത്മാവ് നൽകുന്നുണ്ട് (സഭ ആധുനികലോകത്തിൽ – 22).

### ഇതരമതാനുഷ്ഠാനങ്ങളും വിശ്വാസങ്ങളും അവയിൽത്തന്നെ രക്ഷാകരമാണോ?

മറ്റു മതങ്ങളോടു തുറവിയുടെ മനോഭാവമാണ് കത്തോലിക്കാസഭയ്ക്കുള്ളതെങ്കിലും മറ്റു മതങ്ങളിലെ അനുഷ്ഠാനങ്ങളും വിശ്വാസങ്ങളും അവയിൽത്തന്നെ രക്ഷാകരമാണെന്നോ രക്ഷയ്ക്ക് ക്രിസ്തുവും സഭയും ആവശ്യമില്ലെന്നോ സഭ പഠിപ്പിച്ചിട്ടില്ല. മറ്റു മതങ്ങളിൽ സുവിശേഷത്തിനു വിരുദ്ധമല്ലാത്ത കാര്യങ്ങൾക്കുമാത്രമാണ് രക്ഷാകരമൂല്യമുള്ളത്. മറ്റു മതങ്ങളിലുള്ള രക്ഷാകരമൂല്യത്തിന്റെ സ്രോതസ്സും ക്രിസ്തുതന്നെയാണ്.



യേശുക്രിസ്തുവിലൂടെയല്ലാതെ ആർക്കും ദൈവവുമായി കൂട്ടായ്മയിലാകാൻ സാധ്യമല്ല. മറ്റെല്ലാ മധ്യസ്ഥരും അവരുടെ മധ്യസ്ഥതയും യേശുവിന്റെതന്നെ മധ്യസ്ഥതയിൽനിന്നാണ് അർഥവും മൂല്യവും സ്വീകരിക്കുന്നത്. യേശുവിന്റെ മാധ്യസ്ഥ്യത്തിനു പകരംനിൽക്കുന്നവയായി ഇവയെ മനസ്സിലാക്കാൻ സാധ്യമല്ല. മറ്റു മാധ്യസ്ഥ്യങ്ങളുടെ രക്ഷാകരമൂല്യം അവ യേശുവിന്റെ അനന്യവും ഏകവുമായ മാധ്യസ്ഥ്യത്തിൽ പങ്കുകൊള്ളുന്നതുകൊണ്ടാണ്. മറ്റു മധ്യസ്ഥരെ യേശുവിനോടു തുല്യതപ്പെടുത്താൻ സാധ്യമല്ല (രക്ഷകന്റെ മിഷൻ – 5).

യേശുക്രിസ്തുവിന്റെ വെളിപാടിനു പരിമിതവും അപൂർണവുമായ സ്വഭാവമാണുള്ളതെന്നും അത് മറ്റു മതങ്ങളിൽ കാണുന്നതിന്റെ പൂരകമായിരിക്കാമെന്നുമുള്ള സിദ്ധാന്തം സഭയുടെ വിശ്വാസത്തിനു വിരുദ്ധമാണ്. കത്തോലിക്കാവിശ്വാസമനുസരിച്ചു രക്ഷാകരദൈവരഹസ്യത്തിന്റെ പൂർണമായ വെളിപാട് യേശുക്രിസ്തുവിൽ നൽകപ്പെട്ടിട്ടുണ്ട്. തന്മൂലം യേശുവിന്റെ വാക്കുകളും പ്രവൃത്തികളും ചരിത്രപരമായ മുഴുവൻ സംഭവവും മാനുഷികയാഥാർഥ്യങ്ങളെന്ന നിലയിൽ പരിമിതങ്ങളാണെങ്കിലും, അവയുടെ കർത്താവ്, യഥാർഥദൈവവും യഥാർഥ മനുഷ്യനുമായ മനുഷ്യാവതാരം ചെയ്ത വചനത്തിലെ ദൈവികവ്യക്തിയാണ്. ഇക്കാരണത്താൽ അവയ്ക്ക് ദൈവത്തിന്റെ രക്ഷാകരമാർഗങ്ങളുടെ വെളിപാടിന്റെ അന്തിമത്വവും പൂർണതയും ഉണ്ട് (കർത്താവായ യേശു – 6).

### മതാന്തരസംവാദത്തിന്റെ പ്രാധാന്യം

മതാന്തരസംവാദത്തിന്റെ നന്മകൾ സഭ വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്: “സഭാതനയർ ഇതരമതാനുയായികളുമായി വിവേകത്തോടും സ്നേഹത്തോടുംകൂടി വിശ്വാസത്തിനും ക്രിസ്തീയജീവിതത്തിനും സാക്ഷ്യം വഹിച്ചുകൊണ്ട് സംഭാഷണത്തിലും സഹകരണത്തിലും ഏർപ്പെടണം. ഇതരമതങ്ങളിലുള്ള ആധ്യാത്മികവും ധാർമികവുമായ നന്മകളും സാമൂഹികസാംസ്കാരികമൂല്യങ്ങളും അംഗീകരിച്ചു പരിരക്ഷിക്കുകയും സമൃദ്ധമാക്കുകയും വേണം (അക്രൈസ്തവമതങ്ങൾ – 2).

മനുഷ്യവംശത്തിന്റെ മുഴുവൻ ഐക്യത്തിന്റെ കൂദാശ എന്ന നിലയിൽ എല്ലാ ജനതകളുമായും എല്ലാ കാലത്തും എല്ലാ സ്ഥലത്തും സംവാദത്തിൽ പ്രവേശിക്കാതിരിക്കാൻ സഭയ്ക്കു സാധ്യമല്ല. സഭൈക്യപരമായ സംവാദവും മതാന്തരസംവാദവും സഭയുടെ ഒരു യഥാർഥ വിളിയാണ്” (ഏഷ്യയിലെ സഭ – 29).

എല്ലാ മതങ്ങളും ഒരുപോലെ സത്യമാണെന്നു പറയുകയല്ല മതാന്തരസംവാദത്തിന്റെ ലക്ഷ്യം. പരസ്പരം അറിയാനും വളർത്താനുമുള്ള ഉപാധി എന്ന നിലയിലാണ് മതാന്തരസംവാദത്തെ മനസ്സിലാക്കേണ്ടത്. യേശുക്രിസ്തുവിലൂടെ പരിശുദ്ധാത്മാവിൽ ലോകത്തിനും മനുഷ്യവർഗം മുഴുവനിലും പൂർത്തിയാക്കിയതും തുടർന്നുകൊണ്ടിരിക്കുന്നതുമായ പ്രവർത്തനങ്ങളെ കണ്ടെത്താനും വിശ്വാസത്തിൽ ആഴപ്പെടാനും ക്രിസ്തുവിന്റെ അനന്യതയെക്കുറിച്ചു കൂടുതൽ അവഗാഹമുള്ളവരാകാനും മതാന്തരസംവാദം സഹായിക്കും... തീർച്ചയായും മതാന്തരസൗഹൃദശ്രമങ്ങൾ പ്രേഷിതപ്രവർത്തനത്തിന്റെ മാറ്റിനിർത്താനാവാത്ത രൂപമാണ് (രക്ഷകന്റെ മിഷൻ – 55).

എല്ലാ മതങ്ങളും ഒരുപോലെ രക്ഷാദായകങ്ങളാണെന്ന് കത്തോലിക്കാസഭ പഠിപ്പിക്കുന്നില്ല. അക്രൈസ്തവമതങ്ങളിൽപെട്ടവർക്കും നിത്യരക്ഷ സാധ്യമാണെന്ന പ്രബോധനത്തിന് എല്ലാ മതങ്ങളും ഒരുപോലെയാണെന്ന് അർഥമില്ല. സ്വന്തം മതത്തിൽ ആഴമേറിയ വിശ്വാസവും ബോധ്യവുമുള്ള വ്യക്തികൾതമ്മിലാണ് മതാന്തരസംവാദത്തിൽ ഏർപ്പെടേണ്ടത്. അതുകൊണ്ടുതന്നെ, ആഴമേറിയ വിശ്വാസം സ്വന്തം മതതത്ത്വങ്ങളിൽ ഉണ്ടാകുന്നത് ഒരിക്കലും മതാന്തരസംവാദത്തിന് എതിരല്ല (ഏഷ്യയിലെ സഭ – 20).

### ഓണം ഒരു സാംസ്കാരികാഘോഷം

ഓണം ഒരു സാംസ്കാരികാഘോഷമായാണ് കേരളീയർ മനസ്സിലാക്കുന്നത്. ഓണവുമായി ബന്ധപ്പെട്ടു നമ്മുടെ നാട്ടിലുള്ള ഓണസദ്യയും ഓണക്കളികളും പൂക്കളങ്ങളും വടംവലി മുതലായ മത്സരങ്ങളും പുലിക്കളിയും എല്ലാം ഈ സാംസ്കാരികാഘോഷത്തിന്റെ ഭാഗംതന്നെയാണ്. മനുഷ്യർ തമ്മിൽ സ്നേഹവും സൗഹൃദവും സന്തോഷവും പ്രകടിപ്പിക്കുന്ന ഒരു ആഘോഷം എന്നതിനപ്പുറത്തേക്ക് വിശ്വാസത്തിൽ അധിഷ്ഠിതമായ ഒരു വ്യാഖ്യാനം ക്രൈസ്തവർ ഓണത്തിനു നൽകുന്നില്ല.

മതസൗഹാർദത്തിന്റെയും സാഹോദര്യത്തിന്റെയും പ്രതീകമായി ഓണാഘോഷത്തെ കാണാൻ നമുക്കു സാധിക്കട്ടെ. വിശ്വാസസംബന്ധമായ ഒരു വ്യാഖ്യാനവും ക്രൈസ്തവർ ഓണാഘോഷത്തിനു നൽകേണ്ടതില്ല. ഒരു സാംസ്കാരികാഘോഷം എന്ന നിലയിലാണ് ഇക്കാലമത്രയും ഓണം നാം ആഘോഷിച്ചിട്ടുള്ളത്; ഇനിയും അപ്രകാരമാണു വേണ്ടത്.

*(ലേഖകൻ സീറോമലബാർസഭ ഡോക്ട്രൈനൽ കമ്മീഷൻ സെക്രട്ടറിയാണ്.)*




ഓണാശംസകൾ

ജോൺസൺ ഡ്രൈക്ലീനേഴ്സ്

SINCE 1954

വിശ്വാസ്യതയുടെ 70 വർഷങ്ങൾ

ഡ്രൈക്ലീനിംഗ് & സാരി പോളീഷിംഗ്

മെയിൻ റോഡ്, പാലാ PH: 04822 - 212353

പഞ്ചായത്ത് ബിൽഡിംഗ്, കൊഴുവനാൽ PH: 9446412753

മാന്താടി ഓപ്പൺ മാർക്കറ്റ്, കിടങ്ങൂർ PH: 9495992753

നിങ്ങളുടെ വസ്ത്രങ്ങൾ ഉത്തരവാദിത്വത്തോടുകൂടി വൃത്തിയായി ഡ്രൈക്ലീൻചെയ്യാൻ സമീപിക്കുക



സനിൽ പി. തോമസ്

കളിക്കളം



# വിധിയെ തോല്പിച്ച് രാജ്യത്തിന്റെ അഭിമാനമായി

പാരീസിൽ നടന്ന ഗ്രീഷ്മകാല ഒളിമ്പിക്സിൽ ഇന്ത്യ നേടിയത് ഒരു വെള്ളിയും അഞ്ചു വെങ്കലവും. ഇതേ നഗരത്തിൽ നടന്ന പാരാലിംപിക്സിൽ ഇന്ത്യ കരസ്ഥമാക്കിയത് ഏഴു സ്വർണം; ഒൻപത് വെള്ളി, 13 വെങ്കലം, ആകെ 29 മെഡൽ. മെഡൽപട്ടികയിൽ ഇന്ത്യ പതിനെട്ടാമത്. ഗ്രീഷ്മകാല ഒളിമ്പിക്സിൽ ഇന്ത്യ മെഡൽ പട്ടികയിൽ എഴുപത്തിയൊന്നാമതായിരുന്നു. മത്സരിച്ചത് 117 അത്‌ലറ്റുകളും. പാരാലിംപിക്സിൽ 84 താരങ്ങൾ മത്സരിച്ചു. ഒളിമ്പിക്സും പാരാലിംപിക്സും തമ്മിൽ താരതമ്യപ്പെടുത്തുന്നതു ശരിയല്ല എന്നു വാദിക്കാം. പക്ഷേ, പാരാലിംപിക്സിൽ പാരീസിൽ ഇന്ത്യ കൈവരിച്ചതു ചരിത്രനേട്ടമാണ്.

ഇതിനുമുമ്പ് പാരാലിംപിക്സിൽ ഇന്ത്യയ്ക്ക് ആകെ ലഭിച്ചത് 31 മെഡൽ (ഒൻപത് സ്വർണം, 12 വെള്ളി, 10 വെങ്കലം) ആണ്. അതിൽത്തന്നെ, അഞ്ചു സ്വർണം ഉൾപ്പെടെ 19 മെഡൽ ടോക്കിയോയിലാണു കൈവന്നത്. കഴിഞ്ഞ രണ്ടു പതിപ്പുകളിലായി ഈ രംഗത്ത് ഇന്ത്യ വലിയ മുന്നേറ്റമാണു നടത്തിയത്. കേന്ദ്ര സർക്കാർ അകമഴിഞ്ഞു സഹായിച്ചു. വൈകല്യമുള്ള എത്രയോ ലക്ഷങ്ങൾക്കു പുത്തൻപ്രതീക്ഷ നൽകുന്നതായി പാരീസിലെ ഇന്ത്യയുടെ പ്രകടനം.

ജയ്പുരിൽനിന്നുള്ള ഇരുപത്തിമൂന്നുകാരി അവനി ലെഖാറയ്ക്ക് 11-ാം വയസ്സിൽ ഒരു അപകടം സംഭവിച്ചു. 2012 ൽ ഉണ്ടായ ആ റോഡപകടത്തിനുശേഷം അവനിയുടെ ജീവിതം വീൽചെയറിലായി. തിരിച്ചുവരവിന്റെ പാതയിൽ അവനി അമ്പെയ്ത്തുപരിശീലിച്ചു. വീൽചെയറിൽ ഇരുന്ന് അസ്ത്രങ്ങൾ പായിച്ച പെൺകുട്ടി 2015 ൽ അഭിനവ് ബിന്ദ്രയുടെ പ്രോത്സാഹനത്തിൽ ഷൂട്ടിങ്ങിലേക്കു മാറി. ഒപ്പം അഞ്ചു വർഷം ദൈർഘ്യമുള്ള നിയമപഠനത്തിന് രാജസ്ഥാൻ സർവകലാശാലയിൽ ചേർന്നു. മൂന്നു വർഷംമുമ്പ് ടോക്കിയോ പാരാലിംപിക്സിൽ 10 മീറ്റർ എയർ റൈഫിൾ ഷൂട്ടിങ്ങിൽ സ്വർണം നേടിയ അവനി പാരീസിൽ സുവർണനേട്ടം ആവർത്തിച്ചു. രണ്ടിടത്തും പരിശീലകയായി ഒളിമ്പ്യൻ സുമ ഷിരൂർ.

സുമിത് അന്റിൽ എന്ന ഇരുപത്താറുകാരൻ ഹരിയാനയിലെ സോണിപ്പട്ട് സ്വദേശിയാണ്. പ്രതീക്ഷ ഉയർത്തിയ ഗുസ്തിതാരമായിരുന്നു സുമിത്. ഒരു ദിവസം കോച്ചിങ് ക്ലാസ് കഴിഞ്ഞു മടങ്ങുമ്പോൾ ഉണ്ടായ അപകടത്തിൽ ഇടതുകാൽ നഷ്ടപ്പെട്ടു. വിധിക്കു കീഴടങ്ങാൻ സുമിത് തയ്യാറായില്ല. ഏറെ വേദന സഹിച്ച് കൃത്രിമക്കാലുമായി പൊരുത്തപ്പെട്ടു. പിന്നെ ജാവലിൻത്രോ പരിശീലിച്ചു.ടോക്കിയോയിലെ ആവർത്തനമായി പാരീസിലും സ്വർണമെഡൽ. നാലുതവണ പാരാ സ്പോർട്സ് ജാവലിനിൻ ലോകറെക്കോർഡ് തിരുത്തി.

ഹരിയാനയിലെ ചർഖിഭാദ്രി സ്വദേശിയായ മുപ്പതുകാരൻ നിതേഷ്കുമാർ നല്ലൊരു ഫുട്ബോൾ കളിക്കാരനായിരുന്നു. 2009 ൽ വിശാഖിൽ ഉണ്ടായ അപകടത്തിൽ ഇരുകാലുകൾക്കും വൈകല്യം സംഭവിച്ചു. പാരാ ബാഡ്മിന്റൺ പരിശീലനം ഉണർവായി. മാൻഡി ഐ.ഐ.ടിയിൽ നിന്ന് ഇലക്ട്രിക്കൽ എൻജിനീയറിങ് ബിരുദമെടുത്തു. 2022 ലെ ഏഷ്യൻ പാരാഗെയിംസിൽ സ്വർണം നേടിയ നിതേഷ് ലോക ഒന്നാംനമ്പർ എന്ന ലേബലുമായാണ് പാരീസ് പാരാലിംപിക്സിൽ മത്സരിച്ചത്. പാരാ ബാഡ്മിന്റൻ സ്വർണം നേടി മികവ് ഉറപ്പിച്ചു.

ഹർവിന്ദർസിങ് ഹരിയാന കൈതാൽ സ്വദേശിയാണ്. കർഷകകുടുംബത്തിൽ നിന്നുള്ള മുപ്പത്തിമൂന്നുകാരൻ, ഒന്നരവയസ്സിൽ ഡെങ്കിപ്പനി പിടിപെട്ടു. അന്നെടുത്ത കുത്തിവയ്പ് ആ കൊച്ചുകുട്ടിയുടെ ജീവിതരേഖ മാറ്റിയെഴുതി. കുത്തിവയ്പിന്റെ അനന്തരഫലമായി ഹർവിന്ദറിന്റെ കാലുകളുടെ ചലനശേഷി നഷ്ടപ്പെട്ടു. 2012 ലെ ലണ്ടൻ പാരാലിംപിക്സ് ദർശിച്ചത് പുത്തൻപ്രതീക്ഷ നൽകി. അമ്പെയ്ത്തിൽ തനിക്കും ഒരു പരീക്ഷണം ആകാമെന്നു ബോധ്യമായി. റിക്കർവ് വിഭാഗത്തിൽ ടോക്കിയോയിൽ വെങ്കലം. പാരീസിൽ ഇക്കുറി സ്വർണമെഡൽ. ഡോക്ടറേറ്റിനുള്ള ഗവേഷണത്തിലുമാണ് ഹർവിന്ദർ.

ധരംബീർ ഹരിയാന സോണിപ്പട്ട് സ്വദേശിയാണ്. തന്റെ ഗ്രാമത്തിലെ ഒരു തടാകത്തിൽ നീന്തുന്നതിനിടെ തടാകത്തിന്റെ ആഴമറിയാതെ ഡൈവ് ചെയ്തു. ചെന്നുപതിച്ചത് തടാകത്തിന്റെ അടിയിലെ പാറയിലും. ഫലം ശരീരം അരയ്ക്കു താഴേക്കു തളർന്നുപോയി. അവിടെനിന്നാണ് ക്ലബ്, ഡിസ്കസ് ഇനങ്ങളിൽ ശ്രദ്ധിച്ച് വിധിയെ തോല്പിക്കാൻ തീരുമാനിച്ചത്. വീൽചെയറിലോ മറ്റോ ഇരുന്നുകൊണ്ടാണ് ത്രോ. ക്ലബ് പാരാ അത്‌ലറ്റുകൾക്കായി പ്രത്യേകമുള്ള ഇനമാണ്. തടികൊണ്ടു നിർമിച്ച ഉപകരണമാണ് എറിയുന്നത്. പാരീസ് പാരാലിംപിക്സിൽ ധരംബീർ സ്വർണം കരസ്ഥമാക്കി.

യു.പിയിലെ നോയിഡയിൽനിന്നുള്ള ഇരുപത്തൊന്നുകാരൻ പ്രവീൺകുമാർ കുറിയകാലുമായാണ് ജനിച്ചത്. ഒരു കാലിനാണു വൈകല്യം. പക്ഷേ, ലോകത്തിൽ ചെറിയവനായി ജീവിക്കാൻ പ്രവീൺ തയ്യാറായില്ല. അയൽക്കാരുമൊത്ത് വോളിബോൾ കളിച്ചാണ് പ്രവീൺ കളിക്കളത്തിൽ ഇറങ്ങിയത്. ഹൈജംപിലാണ് പ്രവീൺ സ്വർണം നേടിയത്. ടോക്കിയോടിൽ വെള്ളി നേടിയിരുന്നു.

നവ്ദീപ്സിങ് ഹരിയാനയിലെ പാനിപ്പട്ട് സ്വദേശിയാണ്. ഇരുപത്തിനാലുകാരൻ. ഉയരം കുറഞ്ഞ ശരീരപ്രകൃതി. പിതാവ് ദേശീയശ്രദ്ധ നേടിയ ഗുസ്തിതാരമായിരുന്നു. നീരജ് ചോപ്രയുടെ നാട്ടുകാരൻ. ജാവലിനിൽത്തന്നെ സ്വർണം നേടിയെങ്കിൽ കാരണക്കാരൻ നീരജ്തന്നെ.

“നീരജ്ഭായ് ജൂനിയർ ലോകറെക്കോർഡ് തിരുത്തിയപ്പോൾ എനിക്കു തോന്നി, ഇദ്ദേഹവും എന്റെ പട്ടണത്തിൽനിന്നുള്ള ആളാണല്ലോ. എങ്കിൽ എനിക്കും ഇതു സാധിക്കും.” താൻ ജാവലിൻ താരമായ കഥ നവ്ദീപ് വിശദീകരിച്ചു.

പാരിസ് പാരാലിംപിക്സിൽ സ്വർണം നേടിയ ഏഴുപേരുടെ കഥയാണു പറഞ്ഞത്. വെള്ളിനേടിയ ഒൻപതുപേരും വെങ്കലം നേടിയ 13 പേരും വ്യത്യസ്തരല്ല. എന്തിനധികം, പാരാലിംപിക്സിൽ ഇന്ത്യയ്ക്കായി മത്സരിച്ച 84 അത്‌ലറ്റുകളുടെയും ജീവിതകഥ വ്യത്യസ്തമല്ല. മെഡൽ കിട്ടിയവരും കിട്ടാത്തവരും ഒരുപോലെതന്നെ. ഓരോരുത്തരും രാജ്യത്തിന് അഭിമാനം. തിരിച്ചടികളിൽ പതറാതെ, ഉൾവലിയാതെ ലോകത്തിനു മുന്നിൽ കഴിവു തെളിയിച്ചവർ. എത്രയോ പേർക്ക്അവർ പ്രചോദനം നൽകി. എത്രയോ പേരിൽ പ്രതീക്ഷ ഉയർത്തി. ഇവരുടെയൊക്കെ മുന്നിൽ നമ്മളല്ലേ ചെറുതാകുന്നത്? ■



ഡോ. സി. തെരേസ് ആലഞ്ചേരി SABS

# വീണ്ടെടുപ്പുത്സവം

‘ഓർമയ്ക്കു പേരാണിതോണം’ - കവി മുരുകൻ കാട്ടാക്കടയുടെ വരികൾ ശ്രദ്ധേയം. എത്ര മനോഹരമായിരുന്നു കഴിഞ്ഞ കാലം എന്ന ഓർമപ്പെടുത്തലിന്റെ ഉത്സവമാണ് ഓരോ ഓണവും. ഭൂതകാലത്തിന്റെ നനുത്ത ഓർമകളിൽനിന്ന് വർത്തമാനത്തിലേക്കു കടക്കണം. വർത്തമാനത്തിൽ നന്മ വിതച്ചാലേ പ്രതീക്ഷകൾ നിറഞ്ഞ നാളെ ഉണ്ടാവുകയുള്ളൂ. സങ്കടം പെയ്തിറങ്ങുന്ന കർക്കടകം ഇനി വേണ്ട. ദാരിദ്ര്യവും ഉണ്ടാവരുത്. അപചയങ്ങളും ഉണ്ടാവരുത്. പരസ്പരം കുതികാലുവെട്ടുന്ന, അപരനെ ചവിട്ടിത്താഴ്ത്തുന്ന, ജീവിക്കാൻ അനുവദിക്കാത്ത ഒരു കാലം ഉണ്ടാവരുത് എന്നതാകണം നമ്മുടെ മനസ്സിൽ വിരിയേണ്ട ഓണനിലാവ്.

തൊടിയിലിറങ്ങി വിവിധതരം പൂക്കൾ ശേഖരിച്ച് അത്തപ്പൂക്കളം ഇടുന്ന പഴയകാലം മാറി. പകരം തമിഴ്നാട്ടിൽനിന്നും കർണാടകത്തിൽനിന്നും കൊണ്ടുവരുന്ന പൂക്കളാണ് ഇന്നു നാം ഉപയോഗിക്കുന്നത്. ഇവിടെ ഓണം കമ്പോളവത്കരിക്കപ്പെടുന്നു. ഓണക്കാലത്തു വിപണി സജീവമാകുന്നു. എല്ലാം പുതുമയുള്ളതാകുന്നു. വസ്ത്രവും ഭക്ഷണവും കളികളും ആഘോഷങ്ങളും എല്ലാം... നന്മകൾക്കു നിറം മങ്ങിത്തുടങ്ങിയ കാലമാണിത്. ഒരു മണി ചോറു താഴെ വീണാൽ അതു കളയാതെ എടുത്തു ഭക്ഷിച്ചിരുന്ന പൂർവികർ നമുക്കുണ്ടായിരുന്നു. എന്തെന്നാൽ, ഓരോ മണി ചോറിലും ഈശ്വരന്റെ മുദ്രയുണ്ടെന്ന് അവർ വിശ്വസിച്ചു. ഇത്തരം പുണ്യങ്ങൾ നഷ്ടപ്പെട്ടതുകൊണ്ടാണ് മനുഷ്യൻ അസംതൃപ്തനായി അലയുന്നത്.

ഇനി, നമ്മൾ സ്നേഹപൂർവം ഓർക്കുന്ന മഹാബലിത്തമ്പുരാനാവട്ടെ, വാക്കു വ്രതമായി സ്വീകരിച്ചവനാണ്. വാമനന്റെ മുമ്പിൽ ശിരസ്സു നമിച്ചു നിൽക്കുന്ന വിനീതനായ ഒരു ഭരണാധികാരിയാണ് നമ്മുടെ ഐതിഹ്യങ്ങളിൽ നിറഞ്ഞുനിൽക്കുന്ന മഹാബലി. ആ വിശാലമനസ്സിനും വിനയത്തിനും അദ്ദേഹത്തിനു ലഭിച്ച അനുഗ്രഹമോ, എല്ലാ ദിവസവും ഭഗവാനെ ദർശിക്കാനുള്ള വരമായിരുന്നു. മഹാബലിയെ ഓർമിക്കുമ്പോൾ നമ്മളും തിരിച്ചറിയേണ്ട ചില യാഥാർഥ്യങ്ങളുണ്ട്. നമ്മുടെ വാക്കുകൾക്കു സത്യത്തിന്റെ പ്രകാശമുണ്ടായിരിക്കണം. ഉള്ളതു പങ്കുവയ്ക്കാനുള്ള വിശാലമനസ്സുണ്ടാവണം. മറ്റുള്ളവരുടെ മുന്നിൽ ശിരസ്സുനമിക്കാനുള്ള വിനീതഭാവമുണ്ടാകണം. ഇത്തരത്തിൽ, നന്മയുള്ള മനസ്സിന്റെ ആഘോഷമാകണം ഓണം.

എല്ലാ ഉത്സവങ്ങളും കാർഷികസംസ്കൃതിയുമായി ബന്ധപ്പെട്ടതാണ്. ഓണവും ഒരു കാർഷികോത്സവമാണ്; വിളവെടുപ്പുത്സവം. നമ്മൾ ഏറ്റവും കൂടുതൽ ആദരിക്കേണ്ട ഒരു വിഭാഗം, അതു കർഷകരാണ്. അന്നദാതാക്കളാണ് അവർ. നിർഭാഗ്യവശാൽ ഇന്ന് ഏറ്റവുമധികം വേദനിക്കുന്നതും മാറ്റിനിർത്തപ്പെടുന്നതും ദുരിതമനുഭവിക്കുന്നതും കർഷകരാണ്.

നമ്മുടെ പുഴകൾ മലിനമായിരിക്കുന്നു, കൃഷിപ്പാടങ്ങൾ നികത്തി ഫ്ളാറ്റുകൾ നിർമിച്ചിരിക്കുന്നു, നമ്മുടെ മണ്ണ് വിഷലിപ്തമായിരിക്കുന്നു. നമുക്കു നമ്മുടെ പുഴകളെ വീണ്ടെടുക്കണം, കൃഷിപ്പാടങ്ങളെ വീണ്ടെടുക്കണം, മണ്ണിനെ വീണ്ടെടുക്കണം, കൃഷിയെയും കാർഷികവിളകളെയും പ്രോത്സാഹിപ്പിക്കണം. അങ്ങനെ, നമുക്കു നമ്മുടെ സംസ്കാരത്തെത്തന്നെ വീണ്ടെടുക്കണം. മണ്ണും മനുഷ്യനും തമ്മിലുള്ള ഹൃദയബന്ധത്തെ ഊട്ടിയുറപ്പിക്കണം. നമ്മുടെ ഭാഷ, നമ്മുടെ ഓണപ്പാട്ടുകൾ, നമ്മുടെ ഓണക്കളികൾ, നമ്മുടെ ഓണപ്പൂക്കൾ, നമ്മുടെ കാർഷികവിഭവങ്ങൾ, നമ്മുടെ ഭക്ഷണം ഒക്കെ വീണ്ടെടുക്കാനുള്ള ഓർമപ്പെടുത്തലുമായിട്ടാണ് ഓരോ വർഷവും ഓണം കടന്നുവരുന്നത്. സ്വാർഥത വിതച്ചു സ്വാർഥത കൊയ്യുന്ന, തിന്മ വിതച്ചു മരണം കൊയ്യുന്ന പുതിയ കാലത്തിന്റെ ചെയ്തികളോടു വിട പറയാൻ ഈ ഓണാഘോഷത്തിനു കഴിയട്ടെ. ജീവിതത്തിന്റെ പാടവരമ്പുകളിൽ സ്നേഹവും കരുണയും ആർദ്രതയും വിതച്ച് പവിത്രമായ ഹൃദയബന്ധങ്ങളുടെ ഓണപ്പാട്ടുകൾ പാടി നമുക്ക് ഈ വർഷത്തെ ഓണത്തെ വരവേൽക്കാം.



# പി. വി. അൻവറിന്റെ ബോംബ് മുഖ്യമന്ത്രി നിർവീര്യമാക്കി



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

നേർമൊഴി

ഉഗ്രസ്ഫോടനശേഷിയുള്ള ബോംബാണ് നിലമ്പൂർ എം.എൽ.എ. പി.വി. അൻവർ പാർട്ടി നേതൃത്വത്തിനു നേരേ എറിഞ്ഞത്. പല തരത്തിലുള്ള ബോംബുകൾ നിർമിച്ചും എറിഞ്ഞും പരിചയസമ്പന്നരായ പാർട്ടിനേതാക്കന്മാർ അൻവറിന്റെ ആരോപണ ബോംബുകളെ നിർവീര്യമാക്കി. പാർട്ടിയംഗമാകാതെ ഇടതുപിന്തുണയിൽ 2016 മുതൽ എം.എൽ.എ. ആയിരിക്കുന്ന അൻവർ ഇപ്പോൾ ആയുധം നഷ്ടപ്പെട്ടവനെപ്പോലെയായിത്തീർന്നിരിക്കുന്നു.

സർക്കാരിന്റെ ഭാഗമായിരുന്നുകൊണ്ട് എന്തുകൊണ്ടാണ് സർക്കാരിനെതിരേ ഗുരുതരമായ ആരോപണങ്ങൾ ഉന്നയിച്ചത് എന്നാണ് എല്ലാവരും അന്വേഷിക്കുന്നത്. അൻവർ എം.എൽ.എ.യുടെ ലക്ഷ്യമെന്തായിരിക്കും? ഒന്നും കാണാതെ എം.എൽ.എ. യുദ്ധത്തിനിറങ്ങില്ല. ഏതായാലും നാടു നന്നാക്കാനോ പാർട്ടിയെ ശുദ്ധീകരിക്കാനോ ആണെന്നു കരുതാനാവുകയില്ല. നിലമ്പൂർ എം.എൽ.എ. വെറും എം.എൽ.എ.യല്ല, തന്ത്രശാലിയായ കച്ചവടക്കാരൻകൂടിയാണ്. ഭൂമിവിവാദം, അനധികൃതനിർമാണം തുടങ്ങിയ വിഷയങ്ങളിൽ ഭരണകൂടത്തിന്റെ പിന്തുണ ലഭിക്കാത്തതാണോ പൊലീസിലും പാർട്ടിയിലും പ്രതീക്ഷിച്ചത്ര സ്വാധീനം ചെലുത്താൻ കഴിയാത്തതാണോ അൻവർ എം.എൽ.എ. ഇടയാൻ കാരണമെന്നു വ്യക്തമല്ല.

ഇടതുപക്ഷത്തിന്റെ രീതിയനുസരിച്ച് അൻവറിന്റെ നീക്കങ്ങൾ അങ്ങേയറ്റം അപലപനീയമാണ്. കടുത്ത അച്ചടക്കനടപടികൾക്ക് അർഹമായ കുറ്റമാണത്. എന്നാൽ, പാർട്ടിയംഗമല്ലാത്തതുകൊണ്ട് തരംതാഴ്ത്തി ശിക്ഷിക്കാനാവാത്ത അവസ്ഥയുണ്ട്. ഭയപ്പെടുത്തി ഒതുക്കാനോ എം.എൽ.എ. സ്ഥാനം ഇല്ലാതാക്കാനോ സിപിഎം തയ്യാറാവുകയുമില്ല. കാരണം, അടുത്തവർഷം പഞ്ചായത്തുതിരഞ്ഞെടുപ്പും പിന്നാലെ നിയമസഭാതിരഞ്ഞെടുപ്പും വരികയാണ്.

നിലമ്പൂർ എം.എൽ.എ.യുടെ രൂക്ഷവിമർശനം പത്തനംതിട്ട പൊലീസ്മേധാവിക്കെതിരേ ആയിരുന്നുവെങ്കിലും അത് അവിടെ അവസാനിക്കുന്നതായിരുന്നില്ല. ഉന്നംവച്ചത് സംസ്ഥാനത്തിന്റെ ക്രമസമാധാനനിലയുടെ ചുമതല വഹിക്കുന്ന എ.ഡി.ജി.പി.യെയാണ്. സ്ഥാനംകൊണ്ട് ഡി.ജി.പി.യാണ് പ്രധാനപ്പെട്ട അധികാരിയെങ്കിലും പൊലീസ്‌വകുപ്പിലെ ഏറ്റവും ശക്തൻ എ.ഡി.ജി.പി.യാണെന്ന് അറിയാത്തവരായി ആരുമില്ല. മുഖ്യമന്ത്രിയോടും മറ്റു നേതാക്കന്മാരോടുമുള്ള ബന്ധത്തിൽനിന്ന് ആർജിച്ചെടുത്ത ശക്തിയാണത്. അതായത്, ക്രമസമാധാനനില മെച്ചപ്പെടുത്തിയതുകൊണ്ടോ അന്വേഷണമികവുകൊണ്ടോ അല്ലെന്നു വ്യക്തം.

സമീപകാലത്തെങ്ങും ഉണ്ടാകാത്തവിധമുള്ള ആക്ഷേപങ്ങളാണ് പൊലീസിനും ആഭ്യന്തര വകുപ്പിനുമെതിരേ ഉയർന്നുവന്നിട്ടുള്ളത്. ഇടതുപക്ഷത്തിന്റെ കാലത്ത് പൊലീസ്‌രാജ് നടപ്പാകുന്നു എന്ന ആക്ഷേപം എല്ലാക്കാലത്തുമുള്ളതാണ്. രണ്ടാം പിണറായി സർക്കാരിന്റെ കാലത്താണ് പൊലീസിനെതിരേയുള്ള വിമർശനം രൂക്ഷമായത്. പ്രതിപക്ഷംമാത്രമാണ് വിമർശിക്കുന്നതെങ്കിൽ അതു രാഷ്ട്രീയപരമാണെന്നു പറഞ്ഞു രക്ഷപ്പെടാം. പാർട്ടിക്കാർതന്നെ പൊലീസിന്റെ പ്രവർത്തനത്തിൽ തൃപ്തരല്ല. പൊലീസിന്റെ എല്ലാ കൊള്ളരുതായ്മകളെയും മുഖ്യമന്ത്രി വകവച്ചുകൊടുക്കുന്നതുപോലെ പൊതുജനത്തിനനുഭവപ്പെടുന്നു. മുഖ്യമന്ത്രിക്കുനേരേ കരിങ്കൊടി കാണിക്കുന്നവരെ എല്ലാ ചട്ടങ്ങളും ലംഘിച്ച് തല്ലിച്ചതച്ച പൊലീസിനെയും അംഗരക്ഷകരെയും മുഖ്യമന്ത്രി പിന്തുണച്ചത് അവർ നടത്തിയത് രക്ഷാപ്രവർത്തനമാണെന്നു പറഞ്ഞാണ്.

പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട പൊലീസ് പൗരന്മാരുടെ ജീവൻ കവർന്നും സ്വത്തു കൊള്ളയടിച്ചും സസുഖം വാഴുന്നു. കൊലപാതകം, മോഷണം, സ്വർണക്കള്ളക്കടത്ത്, സ്വർണംപൊട്ടിക്കൽ തുടങ്ങിയ മഹാപാതകങ്ങളിലേർപ്പെടുന്ന മാഫിയാസംഘങ്ങളുമായി ഉന്നതപൊലീസുദ്യോഗസ്ഥർക്കു ബന്ധമുണ്ടെന്നാണ് ആരോപണം. ഒരു എസ്പി യെ സ്ഥലം മാറ്റിയതുകൊണ്ടോ ഉദ്യോഗത്തിൽനിന്നു തത്കാലത്തേക്കു മാറ്റിനിറുത്തിയതുകൊണ്ടോ പൊലീസിനു നേർക്കുള്ള ആരോപണങ്ങൾക്കു മറുപടിയാവുകയില്ല.

അൻവറിന്റെ ആരോപണങ്ങൾ എ.ഡി.ജി.പി.യിൽ ഒതുങ്ങുന്നതല്ല. അതു പൊളിറ്റിക്കൽ സെക്രട്ടറിയിലേക്കും രണ്ടുംപേരെയും സംരക്ഷിക്കുന്ന മുഖ്യമന്ത്രിയിലേക്കും നീളുന്നതാണ്. വാർത്തകളനുസരിച്ച് എ.ഡി.ജി.പി. ഏറെ ദുരൂഹതകൾ നിറഞ്ഞ ഒരു പൊലീസ് ഓഫീസറാണ്. സത്യവും നീതിയും സംരക്ഷിക്കാൻ കടമയുള്ളവർ മാത്രമല്ല, അങ്ങനെ ചെയ്യാൻ മറ്റാരെക്കാളും നിയമസംരക്ഷണവും അധികാരവുമുള്ളവരാണ് ഉന്നത പൊലീസുദ്യോഗസ്ഥർ. അവർതന്നെ നിയമലംഘകരായാൽ സാധാരണക്കാരുടെ അവസ്ഥയെന്താണ്! ഉയർന്ന പൊലീസ് അധികാരികൾക്കു നിയമവ്യവസ്ഥയോടും പൊളിറ്റിക്കൽ എക്സിക്യൂട്ടിവിനോടും പൊതുസമൂഹത്തോടും ഉത്തരവാദിത്വമുണ്ടായിരിക്കണം. എ.ഡി.ജി.പി.ക്കു വിധേയത്വം ആരോടൊക്കെയാണ്? സിപിഎമ്മിനോടുണ്ടെന്ന് അവർ കരുതുന്നു. സോളാർ കേസ് അട്ടിമറിച്ചത്, എ.ഡി.ജി.പി.യാണെന്ന് അവർതന്നെ പറയുന്നു. ബിജെപി നേതാക്കളുമായി അദ്ദേഹത്തിനു വലിയ ബന്ധമുണ്ടെന്ന ആരോപണം അന്തരീക്ഷത്തിലുണ്ട്. തൃശൂരിൽ ബിജെപിക്കനുകൂലമായ പൂരം കലക്കുന്നതിന് എ.ഡി.ജി.പി. നേതൃത്വം വഹിച്ചുവെന്നു സിപിഐ ഉൾപ്പെടെ എല്ലാവരും വിശ്വസിക്കുന്നു.

ഇത്രയും വലിയ ആരോപണങ്ങളുണ്ടായിട്ടും എന്തുകൊണ്ട് ആ ഉദ്യോഗസ്ഥനെ മാറ്റാൻ മുഖ്യമന്ത്രി മടിക്കുന്നു? പൊളിറ്റിക്കൽ സെക്രട്ടറിയെ എന്തുകൊണ്ടു സംരക്ഷിക്കുന്നു. അവർക്കെതിരേ നടപടിയുണ്ടായാൽ തന്റെ നില പരുങ്ങലിലാകുമെന്ന് മുഖ്യൻ ഭയപ്പെടുന്നുണ്ടോ?

## ഓണസ്മരണ

ഫാ. തോമസ്
പാട്ടത്തിൽചിറ CMF



ഓർമയിലിന്നും ഞാനോമനിക്കും
ഓണത്തിനത്രേ നിറങ്ങളേറെ.
ചന്തംകെടാതിന്നും നില്പതതിൻ-
ചന്ദനച്ചന്ദ്രികയാണു നൂനം.
ചിങ്ങമെത്തുമ്പോഴേയുത്സവമായ്
എങ്ങുമാഹ്ലാദത്തിൻ കേളികൊട്ടായ്
മണ്ണും മനുഷ്യരുമൊന്നുപോലെ
മെയ്യും മനവും മറക്കുമപ്പോൾ.
ഓതിപ്പഠിച്ചവയോർത്തു വേഗം
ഓണപ്പരീക്ഷയെഴുതുമ്പോഴും
വീട്ടിലിടാനുള്ള പൂക്കളത്തിൻ
വർണങ്ങളായിരുന്നെൻ മനസ്സിൽ.
പുസ്തകം, പേന, പഠനമെല്ലാം
പത്തുദിനങ്ങൾതൻ പത്തായത്തിൽ
പൂട്ടിവച്ചിട്ടങ്ങിറങ്ങുകയായ്
കാട്ടിലും നാട്ടിലും പൂവിറുക്കാൻ.
ചെത്തി, കുടമുല്ല, ചമ്പകങ്ങൾ
ചെമ്പരുത്തി, തുമ്പ, ചെങ്കദളി
കൊങ്ങിണി,കോളാമ്പിപ്പൂവുകളും
കുട്ടയിലേന്തി വരികയായി.
ചങ്ങാതിമാരൊപ്പം കോടിചുറ്റി
ചക്കരമാഞ്ചോട്ടിലാടിടുമ്പോൾ
ഉന്മേഷമാനന്ദനിർവൃതിയിൽ
ഉള്ളുമുയിരും നിറഞ്ഞിരുന്നു.
കൊട്ട്, കുരവ, കബഡികളി
കണ്ണുകെട്ടിക്കളി, കോലുകളി
ചെമ്പഴുക്കാകളി, വള്ളംകളി
ഇമ്പമേറും നാടൻപാട്ടുമായി.
വർണ, വിശ്വാസ, വയസ്സുമേതും
വിസ്മരിച്ചേവരുമൊത്തുകൂടി
ഊഞ്ഞാലിലേറിയുമത്തമിട്ടും
ഉണ്ടും കഴിഞ്ഞനാളെത്ര കാമ്യം.
അന്തിയോളം നീളുമാഘോഷങ്ങൾ
ആർപ്പുവിളികളും മേളങ്ങളും
പാൽനിലാപ്പായസക്കിണ്ണവുമായ്
പൊന്നോണത്തിങ്കളുമെത്തുകയായ്.
സത്യ, സമത്വ, സൗന്ദര്യങ്ങളും
സമ്പൽസമൃദ്ധിയുമൈശ്വര്യവും
മന്നിൽവിളഞ്ഞ യുഗസ്മൃതികൾ
മിന്നിത്തിളങ്ങിയാ വെണ്ണൊളിയിൽ.
നെന്മണിപ്പാടങ്ങൾ പോലെയെങ്ങും
നന്മകളാർത്തുവളർന്നോരോണ-
പുണ്യോത്സവമെൻ കരളിലെങ്ങോ-
പച്ചത്തുരുത്തായി നിന്നിടുന്നൂ.
ഇന്നോണനാളിന്റെ കാന്തി മെല്ലെ
ഇല്ലാതെയാകുന്നോ കേരനാട്ടിൽ?
ഓർമയിലിന്നും ഞാനോമനിക്കും
ഓണത്തിനത്രേ നിറങ്ങളേറെ.






11-ാം പേജ് തുടർച്ച

"ഉം."

"ശരി. നാളെ കാണാം. ആ ലൊക്കേഷൻ മാപ്പൊന്നയച്ചേക്ക്."

''ഉം.'' ഫോൺ കട്ടായി. എൽസയ്ക്ക് അടക്കാനാവാത്ത സന്തോഷം. ഓടി അടുക്കളയിൽ ചെന്ന് അവൾ അമ്മയോടു വിവരം പറഞ്ഞു. സിസിലിക്കും സന്തോഷമായി.

പിറ്റേന്നു ഞായറാഴ്ച പള്ളിയിൽ പോയിട്ടു മടങ്ങുമ്പോൾ കുറുക്കൻകുന്ന്കവലയിൽനിന്ന് രണ്ടുകിലോ പോത്തിറച്ചിയും വാങ്ങിയാണ് സിസിലി വീട്ടിലേക്കു വന്നു കയറിയത്. എൽസ അതു നന്നായി കഴുകി നുറുക്കി ഉപ്പുതിരുമ്മി വച്ചു. സിസിലി പറമ്പിലേക്കിറങ്ങി വരിക്കപ്ലാവിൽനിന്ന് ഒരു ചക്ക തോട്ടികൊണ്ട് വലിച്ചു താഴെയിട്ടു. അവർതന്നെ അതു ചുമന്നു വീട്ടിൽകൊണ്ടുവന്നു. വെട്ടി ചുള അടർത്തിയെടുക്കാൻ എൽസയും സഹായിച്ചു. ചക്ക അരിഞ്ഞുവച്ചിട്ട് സിസിലി ഇറച്ചി കറിവച്ചു. പന്ത്രണ്ടു മണിയായപ്പോഴേക്കും ഇറച്ചിക്കറിയും ചക്കപ്പുഴുക്കും റെഡി. എൽസ രണ്ടിന്റെയും സ്വാദ് നോക്കി. കൊള്ളാം; രണ്ടും ഉഗ്രൻ.

പന്ത്രണ്ടരയായപ്പോൾ ഡോക്ടർ മനു തോമസിന്റെ കാർ സിസിലിയുടെ വീട്ടുമുറ്റത്തു വന്നുനിന്നു. സിസിലിയും എൽസയും ഇറങ്ങിച്ചെന്ന് സ്വീകരിച്ച് അകത്തു കയറ്റിയിരുത്തി. മനു എൽസയോടു വിശേഷങ്ങൾ തിരക്കി. സിസിലി നാരങ്ങാവെള്ളം എടുക്കാനായി അടുക്കളയിലേക്കോടിയപ്പോൾ കുശലം പറഞ്ഞുകൊണ്ട് സ്വീകരണമുറിയിലിരിക്കയായിരുന്നു എൽസയും മനുവും. നാരങ്ങാവെള്ളവുമായി തിരിച്ചെത്തിയപ്പോൾ മുറ്റത്ത്, ദൂരേക്കു നോക്കി പ്രകൃതി സൗന്ദര്യം ആസ്വദിച്ചു നിൽക്കുകയായിരുന്നു ഡോക്ടർ മനു. തൊട്ടടുത്ത് ഓരോന്നു വിശദീകരിച്ചുകൊണ്ട് എൽസയും.

''കാണാൻ നല്ല രസമുള്ള സ്ഥലമാണല്ലോ ഇത്." നാരങ്ങാവെള്ളം വാങ്ങുന്നതിനിടയിൽ മനു പറഞ്ഞു.

"കാണാനേ കൊള്ളൂ. ജീവിക്കാൻ കൊള്ളില്ല. കാട്ടുമൃഗങ്ങളിറങ്ങുന്ന സ്ഥലമാ. ഇവളുടെ അപ്പനെ കാട്ടാന ചവിട്ടിക്കൊന്നതാ.'' സിസിലിയുടെ മുഖത്തു മ്ലാനത.

എൽസ കഥകളൊക്കെ പറഞ്ഞു: "ഇവിടടുത്തൊരു പാറയുണ്ട്. അവിടെനിന്നാൽ താഴ്‌വാരവും നഗരവുമൊക്കെ കാണാം. നല്ല കാഴ്ചയാ."

"ങ്ഹ... എൽസ എന്നോടു പറഞ്ഞിരുന്നു. ഫുഡ് കഴിച്ചിട്ട് അവിടെവരെ ഒന്നുപോണം. ഇവിടെവരെ വന്ന സ്ഥിതിക്ക് എല്ലാം കണ്ടിട്ടുതന്നെ പോകാം. കാണിച്ചു തരാൻ ഇവളുണ്ടല്ലോ." അതു പറഞ്ഞിട്ട് മനു എൽസയെ നോക്കി ചിരിച്ചു. അവളും ചിരിച്ചു.

''എന്നാ വാ... നമുക്ക് ഭക്ഷണം കഴിക്കാം."

സിസിലിയുടെ പിന്നാലെ ഡോക്ടർ മനു വീട്ടിലേക്കു കയറി. കൈകഴുകിയിട്ട് ഡൈനിങ് ടേബിളിനരികിൽ വന്നിരുന്ന എൽസയെ നോക്കി പറഞ്ഞു.

"എൽസയും ഇരിക്ക്. നമുക്ക് ഒരുമിച്ചിരുന്നു കഴിക്കാം."

കൈകഴുകിയിട്ട് എൽസയും ഇരുന്നു.

ചൂടുള്ള ചക്കപ്പുഴുക്കും ഇറച്ചിക്കറിയും സിസിലി പ്ലേറ്റിലേക്കു വിളമ്പി മനുവിന്റെ മുമ്പിലേക്കു നീക്കിവച്ചു.

ചക്കപ്പുഴുക്ക് ഇറച്ചിച്ചാറിൽ മുക്കിത്തിന്നിട്ട് മനു പറഞ്ഞു:

"മുഖസ്തുതി പറയുവല്ല. സൂപ്പർ! നല്ല പ്രിപ്രേഷനാ. വെരി ടേസ്റ്റി. കഴിക്കാൻ പറ്റിയില്ലായിരുന്നെങ്കിൽ അതൊരു വലിയ നഷ്ടമായേനെ. ഇടയ്ക്കിടെ ഇനീം ഞാൻ വരും."

അതു കേട്ടപ്പോൾ താൻ ആകാശത്തേക്ക് ഉയരുന്നപോലെ തോന്നി സിസിലിക്ക്. ചക്കപ്പുഴുക്കും ഇറച്ചിക്കറിയും വയറുനിറയെ കഴിച്ചു ഡോക്ടർ മനു.

എണീറ്റ് കൈകഴുകി തുടച്ചിട്ട് എൽസയെ നോക്കിപ്പറഞ്ഞു: "വിളിച്ചതിനും സൽക്കരിച്ചതിനും വളരെ നന്ദി ട്ടോ."

എൽസ ചിരിച്ചുകൊണ്ടു തലകുലുക്കി.

ഭക്ഷണം കഴിഞ്ഞു സ്വീകരണമുറിയിൽ വന്നു വീണ്ടും വർത്തമാനം പറഞ്ഞിരുന്നു. തെല്ലു നേരം കഴിഞ്ഞപ്പോൾ മനു പറഞ്ഞു:

''നീ കാണിക്കാമെന്നു പറഞ്ഞ സ്ഥലം എവിടാ? കണ്ടിട്ട് എനിക്ക് ഉടനെ പോണം."

"വാ."

മനുവിനെ കൂട്ടിക്കൊണ്ട് അവൾ വെളിയിലേക്കിറങ്ങി. പറമ്പിലെ ഒറ്റയടിപ്പാതയിലൂടെ നടന്ന് അവർ പാറയുടെ മുകളിലെത്തി. നടന്ന് വലിയ മരത്തിന്റെ ചുവട്ടിൽ വന്ന് നിന്നിട്ട് എൽസ ദൂരേക്കു കൈചൂണ്ടി.

"നോക്ക്... മനോഹരമല്ലേ?"

"റിയലി, വെരി ബ്യൂട്ടിഫുൾ. പരുന്തുംപാറയിൽനിന്നു നോക്കുന്നപോലുണ്ട്.

"ഇവിടിരിക്കാം." എൽസ പറഞ്ഞു.

എൽസ ആദ്യം ഇരുന്നു. പിന്നാലെ മനുവും. ആ നാടിനെപ്പറ്റിയുള്ള വിശേഷങ്ങൾ പറഞ്ഞുകൊണ്ട് മരത്തണലിൽ കാറ്റുകൊണ്ട് ഇരുന്ന് ഇരുവരും സൗഹൃദം പങ്കുവച്ചു.

എൽസയ്ക്ക് മറക്കാനാവാത്ത ഒരനുഭൂതിയാണ് ആ സൗഹൃദം സമ്മാനിച്ചത്.

*(തുടരും)*

# പാലാക്കാരൻ ജിൻസൺ ഓസ്ട്രേലിയയിൽ മന്ത്രി



പാലാ: മലയാളത്തിന് അഭിമാനമേറ്റി പാലാ മൂന്നിലവ് സ്വദേശി ജിൻസൺ ചാൾസ് ഓസ്ട്രേലിയൻമന്ത്രിസഭയിൽ. ഓസ്ട്രേലിയയിൽ മന്ത്രിയാകുന്ന ആദ്യ ഇന്ത്യക്കാരനെന്ന ബഹുമതിയാണ് ജിൻസൺ സ്വന്തമാക്കിയത്. നോർത്തേൺ ടെറിട്ടറി കാബിനറ്റിൽ മന്ത്രിയായ ജിൻസണ് കായികം, കല, സാംസ്കാരികം, യുവജനക്ഷേമം, എന്നീ വകുപ്പുകളുടെ ചുമതലയാണുള്ളത്.

മൂന്നിലവ് പുന്നത്താനിയിൽ ചാൾസ് ആന്റണിയുടെയും ഡെയ്സി ചാൾസിന്റെയും പുത്രനായ ജിൻസൺ ഓസ്ട്രേലിയയിലെ സാൻഡേഴ്സൺ മണ്ഡലത്തിൽനിന്നാണു തിരഞ്ഞെടുക്കപ്പെട്ടത്. മുൻ ആഭ്യന്തരമന്ത്രിയും നിലവിൽ മന്ത്രിസഭാംഗവുമായ ലേബർ പാർട്ടിയിലെ കെയ്റ്റ് വെർഡന്റെ മണ്ഡലമാണ് ലിബറൽ പാർട്ടി പ്രതിനിധിയായി മത്സരിച്ച് ജിൻസൺ തിരിച്ചുപിടിച്ചത്. നഴ്സിങ് മേഖലയിൽ ജോലി നേടി 2011 ൽ ഓസ്ട്രേലിയയിൽ എത്തിയ ജിൻസൺ നിലവിൽ നോർത്തേൺ ടെറിട്ടറി സർക്കാരിന്റെ ടോപ് എൻഡ് മെന്റൽ ഹെൽത്ത് സർവീസ് (TEMHS)ഡയറക്ടറും ചാൾസ് ഡാർവിൻ യൂണിവേഴ്സിറ്റിയിലെ ലക്ചററുമാണ്.

ടോപ് എൻഡ് മെന്റൽ ഹെൽത്തിൽ ക്ലിനിക്കൽ കൺസൾട്ടന്റായ ചാലക്കുടി സ്വദേശി അനുപ്രിയയാണ് ഭാര്യ. മക്കൾ: എയ്മി കേയ്റ്റിലിൻ ജിൻസൺ, അന്നാ ഇസബെൽ ജിൻസൺ. ദന്തഡോക്ടറായ ഡോ. ജിയോ ടോം ചാൾസ്, പാലാ മാർസ്ലീവാ മെഡിസിറ്റിയിലെ ഡോ. അനിറ്റ് കാതറിൻ ചാൾസ് എന്നിവരാണ് ജിൻസൺന്റെ സഹോദരങ്ങൾ. ആന്റോ ആന്റണി എം.പി. പിതൃസഹോദരനാണ്.

## ശ്രേഷ്ഠമലയാളം



**ഡോ. ഡേവിസ് സേവ്യർ**

# നാഴിയുരി

"നാഴിയുരിപ്പാലുകൊണ്ട്
നാടാകെ കല്യാണം
നാലഞ്ചുതുമ്പകൊണ്ട്
മാനത്തൊരു പൊന്നോണം"*

'രാരിച്ചൻ എന്ന പൗരൻ' (1956) എന്ന സിനിമയ്ക്കുവേണ്ടി പി. ഭാസ്കരൻ എഴുതിയ ഗാനത്തിന്റെ പല്ലവിയാണ് മേലുദ്ധരിച്ചത്. ഈ പാട്ടിൽ പരാമർശിക്കുന്ന നാഴിയും ഉരിയും പഴയകാലത്തെ ഓരോരോ അളവുകളായിരുന്നു. (നാഴി, ഉരി ഇവ പാത്രത്തെയും കുറിക്കും) ഇടങ്ങഴിയുടെ നാലിലൊരു ഭാഗം കൊള്ളുന്ന അളവാണ് നാഴി. നാഴിയുടെ പകുതിയാണ് ഉരി. നാഴിയും ഉരിയും കൂടിയ ഒന്നരനാഴിയാകട്ടെ നാഴിയുരിയും ആകും.

വിശേഷണവിശേഷ്യങ്ങളായ നാഴിയും ഉരിയും സന്ധിചെയ്യുമ്പോൾ നാഴിയുരി എന്നാകുന്നു. "പൂർവം താലവ്യമാണെങ്കിൽ/ യകാരമതിലേക്കണം''**(കാരിക 7) എന്ന നിയമപ്രകാരമാണ് യകാരം ആഗമിച്ചത്. അങ്ങനെ നാഴിയുരി ആഗമസന്ധിക്കുദാഹരണമാകുന്നു. നാഴിയുരി സംസാരഭാഷയിൽ നാഴൂരി എന്നാകാറുണ്ട്. ഉച്ചാരണത്തിൽ വന്ന ഹ്രസ്വരൂപമാണ് നാഴൂരി. അർഥഭേദമില്ല.

നാഴി, ഉരി എന്നീ അളവുകൾ മിക്കവർക്കും അപരിചിതമായിക്കഴിഞ്ഞു. തന്നെയുമല്ല, നാഴി, ഉരി എന്നീ അളവുകളിൽ ഇന്ന് പാൽ ലഭ്യവുമല്ലല്ലോ! വീടുകളിൽനിന്ന് പാൽ വാങ്ങിയിരുന്ന കാലത്ത് ഒരു കുപ്പി, രണ്ടു കുപ്പി എന്നിങ്ങനെയായിരുന്നു പാൽ അളന്നിരുന്നത്. കാലം മാറി. ഇന്ന് ഒരു കവർ, രണ്ടു കവർ അഥവാ ഒരു പായ്ക്കറ്റ്, രണ്ട് പായ്ക്കറ്റ് എന്നിങ്ങനെ പറഞ്ഞാണല്ലോ കടകളിൽനിന്നു പാൽ വാങ്ങുന്നത്. ഇവയൊക്കെ ഭാഷയ്ക്കുള്ളിൽ രൂപപ്പെട്ടുവരുന്ന ഭാഷാഭേദങ്ങളാണ്. ആവശ്യനിർവഹണമാണ് ഇത്തരം പദങ്ങളുടെ പിറവിക്കു പിന്നിലെ ചേതോവികാരം. ഇവ ഉച്ചാരണത്തിൽ രൂഢിയായിക്കഴിഞ്ഞാൽ എഴുത്തിലേക്കു കടക്കും. പതിയപ്പതിയെ അവ മാനകരൂപങ്ങളായി മാറുകയും ചെയ്യും. ഇങ്ങനെ രൂപപ്പെട്ടു വരുന്ന ഭാഷാഭേദങ്ങളെ തള്ളിക്കളയേണ്ടതില്ല. എല്ലാ ജീവൽഭാഷകളിലും ഇത്തരം മാറ്റങ്ങൾ കാണാം. അങ്ങനെയാണ് ഓരോ ഭാഷയും വളരുന്നതും കരുത്താർജിക്കുന്നതും.

* ഭാസ്കരൻ, പി. പി. ഭാസ്കരന്റെ കൃതികൾ (കവിതകൾ - ഗാനങ്ങൾ) ഡി.സി. ബുക്സ്, കോട്ടയം, 2021, പുറം-303

** രാജരാജവർമ ഏ.ആർ., കേരളപാണിനീയം, എൻ.ബി.എസ്. കോട്ടയം, 1988, പുറം 126.





M&G HOLIDAYS
കുറഞ്ഞ ബഡ്ജറ്റിൽ മികച്ച സൗകര്യങ്ങളോടെ
വിദേശ യാത്രകൾ
Group Tours | Customised Tours | Cruises | Domestic Tours
Our Upcoming Group Tours
THAILAND
30 Sep 2024 | 4 DAYS
Rs. 44,900/- EX-Cochin
AZERBAIJAN
26 Oct 2024 | 5 DAYS
Rs. 89,900/- EX-Cochin
BALI
16 Nov 2024 | 5 DAYS
Rs. 69,900/- EX-Cochin
DUBAI
14 Jan 2025 | 5 DAYS
Rs. 81,900/- EX-Cochin
Customised Tour Packages
BALI
Rs. 29,000/- onwards
SINGAPORE
Rs. 56,000/- onwards
MALAYSIA
Rs. 21,000/- onwards
THAILAND
Rs. 19,900/- onwards
MALDIVES
Rs. 34,000/- onwards
LONDON
Rs. 90,000/- onwards
AMERICA
Rs. 90,000/- onwards
SOUTH AFRICA
Rs. 90,000/- onwards
AUSTRALIA
Rs. 1,70,000/- onwards
JAPAN
Rs. 1,70,000/- onwards
*T&C Apply
Our Services
Holidays
Flights
Visa
Cruises
Hotels
Insurance
For Holiday Packages Call: +91 7994411999
For Ticketing Call: +91 8129352888
4th Floor, Vettukattil Building, Jos Junction, MG Road, Kochi, Kerala
www.mandgholidays.com

Deepanalam Weekly

RNI No : 16998/68
Vol. 57 No. 28 Date of Publication 12 September 2024
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org